### മെത്രാന്മാരുടെ സിനഡ്

### മൂന്നാം അസാധാരണ പൊതുസമ്മേളനം

# സുവിശേഷവത്കരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബം നേരിടുന്ന അജപാലന വെല്ലുവിളികൾ

തയ്യാറെടുപ്പുരേഖ

## സിനഡ്: കുടുംബവും സുവിശേഷവത്കരണവും

സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുകയെന്നത് കർത്താവു തന്നെ തന്റെ ശിഷ്യർക്കു നല്കിയ ദൗത്യമാണ്. ആ ദൗത്യം സഭയുടെ ചരിത്രത്തിൽ എന്നും തുടരുന്നു. എന്നാൽ, ഇന്നത്തെ ലോകത്തിൽ സാമൂഹികവും ആത്മീയവുമായ ഒരു സംഘർഷം വളരെ പ്രകടമാണ്. ഇത് രാഷ്ട്രത്തിന്റെയും സഭാസമൂഹത്തിന്റെയും പ്രധാനപ്പെട്ട നിർമ്മാണശിലയായ കുടുംബത്തെക്കുറിച്ചുള്ള സഭയുടെ സുവിശേഷവത്കരണ ദൗത്യത്തിന് ഒരു അജപാലന വെല്ലുവിളിയുണർത്തുന്നു. അതിനാൽ കുടുംബത്തെക്കുറിച്ചുള്ള സുവിശേഷം പ്രസംഗിക്കുക ഇതിനുമുൻപ് ഇത്രയും അടിയന്തരാവശ്യമായിരുന്നില്ല. മെത്രാന്മാരുടെ ഒരു സിനഡ് സുവിശേഷത്തെക്കുറിച്ച് വിളിച്ചുകൂട്ടാൻ പരിശുദ്ധ പിതാവ് തീരുമാനിച്ചതിൽ നിന്നു തന്നെ ഇതിന്റെ പ്രാധാന്യം വ്യക്തമാണ്. രണ്ടുഘട്ടങ്ങളിലായിട്ടാണ് ഈ സിനഡ് നടക്കുന്നത്.

1) 2014-ൽ ഒരു അസാധാരണ ജനറൽ അസംബ്ലി. വിഷയത്തിന്റെ ഇന്നത്തെ അവസ്ഥ നിർവചിക്കുകയാണ് ലക്ഷ്യം. അതായത്, കുടുംബത്തിന്റെ സുവിശേഷം വിശ്വസനീയമായ രീതിയിൽ പ്രഖ്യാപിക്കുന്നതിനെയും ജീവിക്കുന്നതിനെയും സംബന്ധിച്ചു മെത്രാന്മാരുടെ അനുഭവങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കുക.

2) 2015-ൽ സാധാരണ ജനറൽ അസംബ്ലി. വ്യക്തിയ്ക്കും കുടുംബത്തിനും വേണ്ടിയുള്ള അജപാലനശുശ്രൂഷയ്ക്ക് പ്രവർത്തനമാർഗനിർദ്ദേശങ്ങൾ അന്വേഷിക്കുകയാണ് അതിന്റെ ലക്ഷ്യം.

വിവിധ സാഹചര്യങ്ങളുടെ ഫലമായി ഏതാനും വർഷങ്ങൾക്കു മുൻപുവരെ കേൾക്കാത്ത ഉത്കണ്ഠാജനകങ്ങളായ കാര്യങ്ങളാണ് ഇന്ന് ഉണ്ടായിരിക്കുന്നത്: വിവാഹത്തിലേക്കു നയിക്കാത്തതും ചിലപ്പോൾ ആ ആശയംതന്നെ ഒഴിവാക്കുന്നതുമായ കൂടിത്താമസത്തിന്റെ വ്യാപകമായ രീതിമുതൽ കുട്ടികളെ ദത്തെടുത്തുകൊണ്ടുള്ള (അതു വല്ലപ്പോഴുമല്ല സംഭവിക്കുന്നത്) സ്വവർഗവിവാഹങ്ങൾ വരെ സംഭവിക്കുന്നു. സഭയുടെ ശ്രദ്ധയും അജപാലനശുശ്രൂഷയും ആവശ്യപ്പെടുന്ന അനേകം പുതിയ സാഹചര്യങ്ങളാണ് ഇന്ന് ഉണ്ടായിരിക്കുന്നത്:





മിശ്രവിവാഹവും മതാന്തരവിവാഹവും

അപ്പനോ അമ്മയോ മാത്രമുള്ള കുടുംബം

ബഹുഭാര്യാത്വം

സ്ത്രീ ധനത്തിന്റെ പേരിൽ പ്രശ്നമാകുന്ന വിവാഹങ്ങൾ (ചിലപ്പോൾ സ്ത്രീധനം സ്ത്രീയെ വാങ്ങുന്ന വിലയായി കണക്കാക്കപ്പെടുന്നു)

ജാതിവ്യവസ്ഥ

സമർപ്പണമില്ലായ്മയുടെ സംസ്കാരവും ദാമ്പത്യബന്ധം താത്കാലികമാകാമെന്ന സങ്കല്പവും

സഭയോട് എതിർപ്പുള്ള ഫെമിനിസത്തിന്റെ രൂപങ്ങൾ

കുടിയേറ്റം

കുടുംബമെന്ന ആശയത്തെക്കുറിച്ചുതന്നെയുള്ള പുനഃസിദ്ധാന്തവത്കരണം

വിവാഹത്തെക്കുറിച്ചുള്ള ധാരണയിൽ ആപേക്ഷികമായ ബഹുസ്വരത്വം

വിവാഹത്തെയും കുടുംബജീവിതത്തെയും സംബന്ധിച്ചുള്ള ധാരണ പൊതുസംസ്കാരത്തിൽ വളർത്തുന്നതിൽ മീഡിയായ്ക്കുള്ള സ്വാധീനം

വിവാഹ ഉടമ്പടിയിലെ സ്ഥിരത, വിശ്വസ്തത എന്നീ ആശയങ്ങളെ വിലയില്ലാതാക്കുന്ന നിയമപരമായ നിർദ്ദേശങ്ങളിൽ അന്തർലീനമായിരിക്കുന്ന ചിന്താപ്രവണതകൾ

ഗർഭപാത്രം വാടകയ്ക്കു കൊടുക്കുന്ന രീതിയുടെ വർധന

മനുഷ്യാവകാശമെന്നു കരുതിയിരുന്നവയ്ക്കു നല്കുന്ന പുതിയ വ്യാഖ്യാനങ്ങൾ...

സഭയിൽത്തന്നെ വിവാഹത്തിന്റെ കൗദാശികത്വത്തിലും കുമ്പസാരമെന്ന കൂദാശയുടെ സൗഖ്യദായകശക്തിയിലുമുള്ള വിശ്വാസം ബലഹീനമാകുന്നതിന്റെയും തിരസ്കൃതമാകുന്നതിന്റെയും അടയാളങ്ങൾ ദൃശ്യമാകുന്നുണ്ട്. അതിനാൽ ഈ വെല്ലുവിളികളോടു പ്രത്യുത്തരിക്കാൻ ലോകമെങ്ങുമുള്ള മെത്രാന്മാർ പത്രോസിനോടുകൂടെയും പത്രോസിന്റെ കീഴിലും ഒന്നിച്ചുകൂടാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നതിന്റെ അടിയന്തരാവസ്ഥ നമുക്കു നന്നായി മനസ്സിലാകും. ഉദാഹരണത്തിന് ഒരു കാര്യം നമ്മുടെ മനസ്സിലേക്ക് കൊണ്ടുവരാം. ഇന്നത്തെ അവസ്ഥയുടെ ഫലമായി അനേകം കുട്ടികളും ചെറുപ്പക്കാരും തങ്ങളുടെ മാതാപിതാക്കന്മാർ കൂദാശകൾ സ്വീകരിക്കുന്നത് ഒരിക്കലും കാണുകയില്ല. അപ്പോൾ, ഇന്നത്തെ സാഹചര്യത്തിൽ നിന്ന് ഉരുത്തിരിയുന്ന സുവിശേഷവത്കരണ വെല്ലുവിളികൾ എത്ര അടിയന്തരമെന്ന് ബോധ്യമാകുമല്ലോ. ആഗോളഗ്രാമത്തിന്റെ മിക്കവാറും എല്ലാ ഭാഗത്തും തന്നെ നമുക്കത് ദർശിക്കാവുന്നതാണ്. ഈ യാഥാർത്ഥ്യത്തോടൊപ്പം, മറ്റൊരു കാര്യവും ഇന്ന് പൊതുവിൽ അംഗീകരിക്കപ്പെടുന്നുണ്ട്. അതായത്, ദൈവിക

കരുണയെക്കുറിച്ചുള്ള പ്രബോധനവും സമൂഹത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ ആഗോളപരമായും അസ്തിത്വാത്മക സാഹചര്യത്തിലും സഹിക്കുന്നവരോടുള്ള താത്പര്യവുമാണത്. തത്ഫലമായി, കുടുംബത്തെക്കുറിച്ച് അജപാലനപരമായി സ്വീകരിക്കേണ്ട തീരുമാനങ്ങളെ സംബന്ധിച്ച് വിശാലമായ പ്രതീക്ഷകൾ നിലനില്ക്കുന്നുണ്ട്. സിനഡിലെ മെത്രാന്മാർ ഈ പ്രശ്നങ്ങളെക്കുറിച്ച് വിചിന്തനം ചെയ്യുക അത്യാവശ്യമാണ്. മാത്രവുമല്ല, തങ്ങളുടെ അജപാലനത്തിന് ഏല്പിക്കപ്പെട്ടിരിക്കുന്നരുടെയും മനുഷ്യകുടുംബം മുഴുവന്റെയും നേർക്കുള്ള ഉപവിയുടെ കടമ നിർവഹണവുമാണത്.

**സഭയും കുടുംബസുവിശേഷവും**

ദമ്പതികളുടെയും കുട്ടികളാകുന്ന ദാനത്തോടു തുറവുള്ള ഐക്യം ജീവിക്കുന്നവരുടെയും (അതാണ് കുടുംബ സമൂഹം) അടിസ്ഥാന മാനുഷികാനുഭവം വ്യക്തിപരമായി ജീവിക്കുന്ന എല്ലാവരോടും ദൈവികസ്നേഹത്തിന്റെ സദ്വാർത്ത പ്രഖ്യാപിക്കണം. വിവാഹത്തെക്കുറിച്ചുള്ള സഭാപ്രബോധനങ്ങൾ സ്പഷ്ടമായും സമർത്ഥമായും അവതരിപ്പിക്കണം. അത് മനുഷ്യഹൃദയത്തിൽ എത്തുന്നതിനും യേശുക്രിസ്തുവിൽ വെളിവാക്കപ്പെട്ട ദൈവവേഷ്ടപ്രകാരം അവയെ രൂപാന്തരപ്പെടുത്തുന്നതിനുമാണ്.

ഈ രേഖയിൽ, വിവാഹത്തെയും കുടുംബത്തെയും കുറിച്ചുള്ള വിശുദ്ധ ഗ്രന്ഥ ഉറവിടങ്ങളിൽ നിന്ന് അത്യാവശ്യപരാമർശങ്ങൾ മാത്രമേ കൊടുത്തിട്ടുള്ളൂ. അതുപോലെതന്നെ സഭയുടെ ഔദ്യോഗിക പ്രബോധനത്തിൽ നിന്നും സാർവത്രികപരമായുള്ളവ മാത്രമേ ഉദ്ധരിച്ചിട്ടുള്ളൂ. കുടുംബത്തെക്കുറിച്ചുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ ചില പാഠത്തെക്കുറിച്ചും ഇതു തന്നെയാണു പറയാനുള്ളത്. സിനഡിൽ പങ്കെടുക്കുന്ന മെത്രാന്മാർക്ക് തങ്ങളുടെ മെത്രാൻ സമിതികളുടെ രേഖകളിൽ നിന്നു ഉദ്ധരിക്കാൻ സാധിക്കുമല്ലോ.

ഓരോ കാലഘട്ടത്തിലും അനേകം വ്യത്യസ്ത സംസ്കാരങ്ങളിലും ഇടയന്മാരുടെ പ്രബോധനം വ്യക്തമായിരുന്നു. അതുപോലെ വിശ്വാസികളുടെ - സ്ത്രീകളുടെയും പുരുഷന്മാരുടെയും - സമൂർത്തമായ സാക്ഷ്യങ്ങളും ഉണ്ടായിട്ടുണ്ട്. വളരെ വ്യത്യസ്ത സംസ്കാരങ്ങളിൽ അവർ തങ്ങളുടെയും തങ്ങളുടെ മക്കളുടെയും ജീവിതത്തിനുള്ള അമൂല്യദാനമെന്ന നിലയിൽ കുടുംബത്തിന്റെ സുവിശേഷം ജീവിച്ചു. ഈ സന്ദേശം കൂടുതൽ തീവ്രതയോടെ കൈമാറാനുള്ള ആഗ്രഹത്താൽ പ്രചോദിതവും നിലനിറുത്തപ്പെടുന്നതുമാണ് അടുത്ത അസാധാരണ സിനഡിനുവേണ്ടിയുള്ള സമർപ്പണം. സഭയെ ഭരമേല്പിച്ചിരിക്കുന്ന വെളിപാടിന്റെ നിധി ഓരോ വ്യക്തിയുടെയും ഹൃദയത്തെ കൂടുതൽ കൂടുതൽ നിറയ്ക്കണം (ദൈവാവിഷ്കാരം, 26) എന്ന പ്രത്യാശയോടെയാണ് സിനഡ് വിളിച്ചുകൂട്ടിയിരിക്കുന്നത്.

**സ്രഷ്ടാവും രക്ഷകനുമായ ദൈവത്തിന്റെ പദ്ധതി**





കുടുംബത്തെക്കുറിച്ചുള്ള ബൈബിൾ സന്ദേശത്തിന്റെ സൗന്ദര്യം സ്ത്രീയുടെയും പുരുഷന്റെയും സൃഷ്ടിയിൽ അധിഷ്ഠിതമായിരിക്കുന്നു. അവർ ഇരുവരും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് (ഉത്പ 1:24-31; 2:4-25). അവിഭാജ്യമായ ഒരു കൗദാശികബന്ധത്താൽ ഒന്നാക്കപ്പെട്ട വിവാഹിതർ സ്നേഹത്തിന്റെയും പിതൃത്വത്തിന്റെയും മാതൃത്വത്തിന്റെയും സൗന്ദര്യവും ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ ഈ രീതിയിൽ പങ്കുചേരുന്നതിന്റെ ശ്രേഷ്ഠമായ മഹത്ത്വവും അനുഭവിക്കുന്നു. അവരുടെ ഐക്യത്തിന്റെ ഫലമായുള്ള ദാനത്തിൽ, മനുഷ്യവർഗത്തിന്റെ ഭാവിക്കുവേണ്ടി മക്കളെ വളർത്തുന്നതിന്റെയും വിദ്യാഭ്യാസം ചെയ്യിക്കുന്നതിന്റെയും ഉത്തരവാദിത്വം അവർ ഏറ്റെടുക്കുന്നു. പ്രജനനത്തിലൂടെ, സ്ത്രീയും പുരുഷനും സൃഷ്ടിയുടെ സംരക്ഷണത്തിലും മനുഷ്യകുടുംബത്തിന്റെ വളർച്ചയിലും ദൈവത്തിന്റെ സഹകാരികളാകുകയെന്ന വിളി വിശ്വാസത്തിൽ നിറവേറ്റുന്നു.

വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ "കുടുംബം ഒരു കൂട്ടായ്മ"യിൽ ഇക്കാര്യത്തെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്: ദൈവം മനുഷ്യനെ സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. (ഉത്പ 1:26-27) അവിടന്ന് അവനെ സ്നേഹത്തിലൂടെ അസ്തിത്വത്തിലേക്കു വിളിച്ചു. അതേസമയം അവിടന്ന് അവനെ സ്നേഹിക്കാൻവേണ്ടി വിളിച്ചു. ദൈവം സ്നേഹമാണ് (1 യോഹ 4/8). തന്നിൽത്തന്നെഅവിടന്നു ജീവിക്കുന്നത് വ്യക്തിപരവും സ്നേഹാത്മകവുമായ കൂട്ടായ്മയുടെ ഒരു രഹസ്യമായിട്ടാണ്. മനുഷ്യവർഗത്തെ സ്വന്തം പ്രതിരൂപത്തിൽ സൃഷ്ടിക്കുകയും തുടർച്ചയായി അസ്തിത്വത്തിൽ സംരക്ഷിക്കുകയും ചെയ്തുകൊണ്ട്, ദൈവം സ്ത്രീപുരുഷന്മാരുടെ മാനുഷികതയിൽ സ്നേഹത്തിലേക്കും കൂട്ടായ്മയിലേക്കുമുള്ള വിളിയും, അതിലൂടെ അതിനുള്ള കഴിവും ഉത്തരവാദിത്വവും ആലേഖനം ചെയ്തു" (GS 12). "തന്മൂലം ഓരോ മനുഷ്യജീവിയുടെയും അടിസ്ഥാനപരവും നൈസർഗികവുമായ വിളി സ്നേഹത്തിലേക്കാണ്" (FC 11). സ്രഷ്ടാവായ ദൈവത്തിന്റെ പദ്ധതി ആദിമപാപത്താൽ ശിഥിലമാക്കപ്പെട്ടു (cf ഉത്പ. 3:1-24). എന്നാലും ആ പദ്ധതി ചരിത്രത്തിലുനീളം തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ സംഭവങ്ങളിൽ കാലസംപൂർത്തിവരെ വെളിവാക്കപ്പെട്ടു. ദൈവപുത്രന്റെ മനുഷ്യാവതാരത്തിലൂടെ രക്ഷയ്ക്കുവേണ്ടിയുള്ള ദൈവേഷ്ടം ഉറപ്പിക്കപ്പെടുകയും അതേ ഇഷ്ടം അനുസരിക്കുന്നതിനുള്ള കൃപ നല്കുന്ന വിമോചനം സംലഭ്യമാക്കുകയും ചെയ്തു.

ദൈവപുത്രൻ, കന്യകാമാതാവിന്റെ ഉദരത്തിൽ മാംസം ധരിച്ച വചനം (cf യോഹ 1:14) നസ്രത്തിലെ കുടുംബത്തിൽ ജീവിച്ചുവളർന്നു. തന്റെ ആദ്യ അടയാളത്തിലൂടെ വിവാഹാഘോഷങ്ങൾക്കു പ്രാധാന്യം നല്കിക്കൊണ്ട് കാനായിലെ കല്യാണത്തിൽ പങ്കെടുത്തു (cf യോഹ 1/1-11). തന്റെ ശിഷ്യരുടെ കുടുംബങ്ങളിൽ തനിക്കു കിട്ടിയ സ്വീകരണത്തിൽ ഈശോ സന്തോ

ഷിച്ചു (മർക്കോ 1/29-31, 2/13-17). ബഥാനിയായിൽ മരണത്താൽ ദുഃഖിതമായ കുടുംബത്തെ ആശ്വസിപ്പിച്ചു (cf ലൂക്കാ 10/38-42; യോഹ 11/1-44).

മനുഷ്യഹൃദയത്തിന്റെ കാഠിന്യത്താൽ, ഇസ്രായേൽക്കാരുടെ പാരമ്പര്യത്തിൽ പോലും ഉപേക്ഷിക്കപ്പെട്ടിരുന്ന ദൈവത്തിന്റെ ഏക പദ്ധതി ഒരിക്കൽ കൂടി അവതരിപ്പിച്ചുകൊണ്ട് വിവാഹത്തിന്റെ സൗന്ദര്യം യേശുക്രിസ്തു സ്ഥാപിച്ചു (മത്താ 5/31-32; 19/3-12; മർക്കോ 10/1-12; ലൂക്കാ 16/18). ഭാര്യയുടെയും ഭർത്താവിന്റെയും ഉപേക്ഷിക്കൽ, വ്യഭിചാരം എന്നിവ തള്ളിപ്പറഞ്ഞുകൊണ്ട് വിവാഹത്തിൽ ആദിമുതലേ ഉണ്ടായിരുന്ന ഐക്യവും വിശ്വസ്തതയും ഈശോ പഠിപ്പിച്ചു.

മാനുഷികസ്നേഹത്തിന്റെ അസാധാരണ സൗന്ദര്യം കൃത്യമായി എടുത്തുകാട്ടിക്കൊണ്ട് യേശു സ്ത്രീപുരുഷന്മാരുടെ ദാമ്പത്യസ്നേഹത്തിന്റെ ആദിമ മഹത്ത്വം ഉറപ്പിച്ചു. ഉത്തമഗീതത്താൽ പ്രചോദിതമായി അതു പണ്ടേ വളരെ ഉയർന്ന രീതിയിൽ ആഘോഷിച്ചിരുന്നതാണ്. ഹോസിയാ (1:2; 3:31) മലാക്കി (2:13-16) തുടങ്ങിയ പ്രവാചകന്മാർ ഉറച്ച ദാമ്പത്യബന്ധത്തിനുവേണ്ടി നിലകൊള്ളുകയും അതിനെ സംരക്ഷിക്കുകയും ചെയ്തിരുന്നു.

**കുടുംബത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനം**

കുടുംബം 'ഗാർഹികസഭ'യെന്ന് ആദിമ ക്രൈസ്തവസമൂഹത്തിൽത്തന്നെ കരുതപ്പെട്ടിരുന്നു. പുതിയ നിയമത്തിലെ അപ്പസ്തോലികലേഖനത്തിൽ കുടുംബനിയമസംഹിത എന്നു വിളിക്കപ്പെടുന്നിടത്ത് പ്രാചീനലോകത്തിലെ വലിയ കുടുംബമാണ് ആഴമാർന്ന ഐക്യദാർഢ്യത്തിന്റെ വേദിയായി പരിഗണിച്ചിരുന്നത്: ഭാര്യയും ഭർത്താവും തമ്മിലും മാതാപിതാക്കന്മാരും മക്കളും തമ്മിലും സമ്പന്നരും ദരിദ്രരും തമ്മിലുമുള്ള ഐക്യദാർഢ്യത്തിന്റെ വേദി (cf എഫേ 5/21-6/9; കോളോ 3/18-41; 1 തിമോ 2/8-15; തീത്തൂസ് 2/1-10; 1 പത്രോ 2:13-3/7; ഫിലമോനുള്ള കത്തും കാണുക). പ്രത്യേകവിധമായി എഫേസോസ് ലേഖനം പുരുഷനും സ്ത്രീയും തമ്മിലുള്ള ദാമ്പത്യസ്നേഹത്തെ വലിയ രഹസ്യമായി അവതരിപ്പിക്കുന്നു. ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹത്തെ അതു ലോകത്തിൽ പ്രത്യക്ഷമാക്കുന്നു (cf എഫേ 5/31-32).

നൂറ്റാണ്ടുകളിലൂടെയും ആധുനികയുഗത്തിന്റെ ആരംഭം മുതൽ ഇന്നുവരെയും സഭ തന്റെ അടിസ്ഥാനമായിരിക്കുന്ന വിവാഹത്തെയും കുടുംബത്തെയും കുറിച്ചുള്ള തന്റെ സിദ്ധാന്തം തുടർച്ചയായി പഠിപ്പിക്കാനും വികസിപ്പിക്കാനും എന്നും ശ്രദ്ധിച്ചിട്ടുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അജപാലന കോൺസ്റ്റിറ്റ്യൂഷനായ "സഭ ആധുനിക ലോകത്തിൽ" ആ സിദ്ധാന്തത്തിന്റെ ഒരു നല്ല അവതരണം നമുക്കു കാണാം. ചില അടിയന്തര പ്രശ്നങ്ങളാണ് ഈ കോൺസ്റ്റിറ്റ്യൂഷൻ ചർച്ച ചെയ്യുന്നത്. വിവാഹത്തിന്റെയും കുടുംബത്തിന്റെയും മഹത്ത്വം ഉയർത്തിക്കാട്ടാൻ അതിൽ ഒരു അധ്യായം മുഴുവൻ മാറ്റിവച്ചിരിക്കുന്നു. സമൂഹത്തിന്റെ സംസ്ഥാപനത്തിൽ അവയ്ക്കുള്ള മൂല്യം





വിവരിക്കുന്നിടത്ത് അത് ദൃശ്യമാണ്. "ഇങ്ങനെ വിവിധ തലമുറകൾ ഒരുമിച്ചുകൂടുകയും കൂടുതൽ അറിവു ലഭിക്കുന്നതിനു പരസ്പരം സഹായിക്കുകയും സ്വന്തം വ്യക്തിപരമായ അവകാശങ്ങൾ സമൂഹജീവിതത്തിലെ മറ്റ് ആവശ്യങ്ങളുമായി പൊരുത്തപ്പെടുത്തുകയും ചെയ്യുന്ന കുടുംബത്തിൽ സമൂഹത്തിന്റെ അടിസ്ഥാനം സ്ഥാപിക്കപ്പെട്ടിരിക്കുന്നു" (GS, 52). ദമ്പതികളുടെ വിശ്വാസജീവിതത്തിൽ ക്രിസ്തു കേന്ദ്രീകൃത ആധ്യാത്മികതയ്ക്കുവേണ്ടിയുള്ള ആ രേഖയുടെ ആഹ്വാനം പ്രത്യേകം ശ്രദ്ധേയമാണ്. "ജീവനുള്ള ദൈവത്തിന്റെ പ്രതിഛായയിൽ സൃഷ്ടിക്കപ്പെട്ട്, യഥാർത്ഥ വ്യക്തികളുടെ നിരയിൽ സ്ഥാനം നല്കപ്പെട്ട ദമ്പതികൾ വികാരങ്ങളിൽ ഒന്നായി, മനസ്സിൽ തുല്യരായി, പരസ്പരവിശുദ്ധിയിൽ സംയോജിതരായിത്തീരട്ടെ. അതുവഴി ജീവന്റെ ഉറവിടമായ മിശിഹായെ അനുഗമിച്ച്, തങ്ങളുടെ വിളിയുടെ സന്തോഷങ്ങളിലും പരിത്യാഗങ്ങളിലും അവരുടെ വിശ്വസ്തമായ സ്നേഹത്താൽ കർത്താവു തന്റെ മരണവും ഉത്ഥാനവും വഴി ലോകത്തിനു വെളിപ്പെടുത്തിയ അവിടത്തെ സ്നേഹത്തിന്റെ രഹസ്യത്തിന് അവർ സാക്ഷികളാകട്ടെ" (GS, 52).

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം പത്രോസിന്റെ പിൻഗാമികൾ വിവാഹത്തെയും കുടുംബത്തെയും കുറിച്ചുള്ള പ്രബോധനം സമ്പന്നമാക്കി. പോൾ ആറാമൻ മാർപാപ്പാ മനുഷ്യജീവൻ എന്ന തന്റെ ചാക്രികലേഖനം വഴി കൃത്യമായ തത്ത്വങ്ങളും മാർഗനിർദ്ദേശങ്ങളും നല്കി. പിന്നീട് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ "കുടുംബം ഒരു സ്നേഹസമൂഹം" എന്ന തന്റെ അപ്പസ്തോലിക ലേഖനത്തിൽ ദാമ്പത്യസ്നേഹത്തിന്റെയും കുടുംബത്തിന്റെയും അടിസ്ഥാനസത്യങ്ങളിലെ ദൈവികപദ്ധതി ശക്തമായി അവതരിപ്പിച്ചിട്ടുണ്ട്.

"ഈ സ്വയംദാനം അതിന്റെ പൂർണമായ സത്യത്തിൽ സാധ്യമാക്കിത്തീർക്കുന്ന ഒരേയോരു വേദി സ്വതന്ത്രമായും ബോധപൂർവമായും തിരഞ്ഞെടുക്കുന്ന ദാമ്പത്യസ്നേഹത്തിന്റെ ഉടമ്പടിയായ വിവാഹം മാത്രമാണ്. അതുവഴി പുരുഷനും സ്ത്രീയും ദൈവം തന്നെ നിശ്ചയിച്ചിട്ടുള്ള ജീവിതത്തിന്റെയും സ്നേഹത്തിന്റെയും ഉററ കൂട്ടായ്മയെ അംഗീകരിക്കുന്നു (GS 48,1). അതിന്റെ യഥാർത്ഥമായ അർത്ഥം ഈ വെളിച്ചത്തിൽ മാത്രമേ പ്രത്യക്ഷമാവുകയും ചെയ്യുന്നുള്ളൂ. വിവാഹമെന്ന സ്ഥാപനം സമൂഹമോ അധികാരമോ നടത്തുന്ന അവിഹിതമായ ഒരു കൈകടത്തലല്ല; അത് ഒരു ആചാരത്തിന്റെ ബാഹ്യമായ അടിച്ചേല്പിക്കലുമല്ല; മറിച്ച്, അതു സ്രഷ്ടാവായ ദൈവത്തിന്റെ പദ്ധിയോടു പരിപൂർണ വിശ്വസ്തതയിൽ ജീവിക്കാൻവേണ്ടി, അതുല്യവും, അനന്യവുമെന്നു പരസ്യമായി സ്ഥിരീകരിക്കപ്പെടുന്ന ദാമ്പത്യസ്നേഹത്തിന്റേതായ ഉടമ്പടിയുടെ ആന്തരികമായ ഒരാവശ്യമാണ്. ഈ വിശ്വസ്തത വ്യക്തിയുടെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നതിനു പകരം, ആത്മനിഷ്ഠതയുടെയോ ആപേക്ഷികതയുടെയോ എല്ലാ രൂപങ്ങളിൽ നിന്നും അ

തിനെ കാത്തുസൂക്ഷിക്കുകയും, സൃഷ്ട്യുന്മുഖമായ വിവേകത്തിൽ പങ്കാളി യാക്കുകയും ചെയ്യുന്നു" (FC11).

കത്തോലിക്കാസഭയുടെ മതബോധനം ഈ പ്രബോധനത്തിന്റെ അടിസ്ഥാ നതത്ത്വങ്ങൾ സമാഹരിച്ചിട്ടുണ്ട്. "സ്ത്രീയും പുരുഷനും തമ്മിൽ ജീവന്റെയും സ്നേഹത്തിന്റെയും ഗാഢമായ ഐക്യം ഉളവാക്കുന്ന വിവാഹ ഉടമ്പടി സ്രഷ്ടാവു സ്ഥാപിച്ചിട്ടുള്ളതും പ്രത്യേക നിയമത്താൽ ഉറപ്പിച്ചിട്ടുള്ളതുമാ കുന്നു. ദമ്പതികളുടെ നന്മയും സന്താനോത്പാദനവും വിദ്യാഭ്യാസവുമാ ണ്" അതിന്റെ സഹജവും സ്ഥാപിതവുമായ ലക്ഷ്യങ്ങൾ. "മാമ്മോദീസ സ്വീക രിച്ചവർ തമ്മിലുള്ള വിവാഹത്തെ കർത്താവായ ക്രിസ്തു ഒരു കൂദാശയുടെ പദവിയിലേക്ക് ഉയർത്തുകയുണ്ടായി" (cf CIC , 1055; cf GS 48, CCC 1660).

മതബോധനഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്ന സിദ്ധാന്തം ദൈവ ശാസ്ത്രതത്ത്വങ്ങളെയും ധാർമ്മിക പെരുമാറ്റങ്ങളെയും സ്പർശിക്കുന്നതാ ണ്. അവ രണ്ടു വ്യത്യസ്ത ശീർഷകങ്ങളിലാണ് വികസിപ്പിച്ചിരിക്കുന്നത്: വിവാഹമെന്ന കൂദാശ (Nos. 1601–1658); ആറാം കല്പന (Nos. 2331–2391). മതബോധനഗ്രന്ഥത്തിലെ ഭാഗങ്ങളുടെ ശ്രദ്ധാപൂർവകമായ വായന വിശ്വാ സസിദ്ധാന്തത്തിന്റെ കാലാനുസൃതമായ അറിവ് പ്രദാനം ചെയ്യും. ആധു നിക കാലഘട്ടത്തിലെ വെല്ലുവിളികളുടെ മുൻപിൽ സഭയുടെ പ്രവർത്ത നത്തെ അത് സഹായിക്കും. ദൈവികപദ്ധതിയുടെ ഭാഗമായി കാണുന്ന വിവാ ഹത്തിന്റെ സത്യത്തിൽ സഭയുടെ അജപാലനശുശ്രൂഷ അതിന്റെ പ്രചോ ദനം കണ്ടെത്തുന്നു. ദൈവം പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ചു. സമ യത്തിന്റെ പൂർത്തിയിൽ ദാമ്പത്യസ്നേഹത്തെ ദൈവം യേശുവിൽ വെളി പ്പെടുത്തി. ഭാര്യാഭർത്താക്കന്മാരുടെ പരസ്പരസമ്മതത്തിൽ സ്ഥാപിതമാ കുന്ന ക്രൈസ്തവവിവാഹം അതിന്റേതായ ഫലങ്ങൾകൊണ്ട്, അതായത് ദമ്പതികളുടെ നന്മകളും കടമകളും കൊണ്ട്, സമ്പന്നമാണ്. അതേസമയം, ആദിപാപത്തിന്റെ പരിണതഫലങ്ങളിൽ നിന്ന് വിവാഹവും വിമുക്തമല്ല (cf. ഉത്പ 3:1–24). അത് കൂദാശയുടെ മഹത്ത്വത്തിന് ആഴമാർന്ന മുറിവുകളേല്പി ക്കാം. അതിന്റെ മഹത്ത്വത്തെ ദുരുപയോഗിച്ചുവെന്നും വരാം.

ഫ്രാൻസീസ് മാർപാപ്പായുടെ അടുത്ത കാലത്തെ ചാക്രികലേഖനം – വിശ്വാ സവെളിച്ചം – എങ്ങനെ വിശ്വാസം വെളിപ്പെടുത്തപ്പെടുന്നുവെന്ന ചിന്തയുടെ പശ്ചാത്തലത്തിൽ കുടുംബത്തെക്കുറിച്ച് പറയുന്നുണ്ട്. "ദൈവം അവരുടെ മധ്യത്തിൽ സന്നിഹിതനായിരിക്കുന്നുവെങ്കിൽ ആളുകൾ തമ്മിലുള്ള ബന്ധ ങ്ങൾ എത്ര ഉറച്ചതാകും" (നമ്പർ, 50). മാനുഷികനഗരത്തിലെ വിശ്വാസം പ്രകാശിപ്പിക്കുന്നതിൽ ആദ്യതലം കുടുംബമാണ്. വിവാഹത്തിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള സുസ്ഥിരമായ ഐക്യത്തെക്കുറിച്ച് പ്രഥമവും പ്രധാ നവുമായി ഞാനിവിടെ ചിന്തിക്കുന്നു. ദൈവത്തിന്റെ തന്നെ സ്നേഹത്തിന്റെ അടയാളവും സാന്നിധ്യവുമെന്ന നിലയിലുള്ള അവരുടെ സ്നേഹത്തിൽനിന്ന് ഈ ഐക്യം ജനിക്കുന്നു. ലൈംഗികവ്യത്യസ്തതയുടെ അംഗീകരണത്തിൽ





നിന്നും സ്വീകരണത്തിൽ നിന്നും അതു ജനിക്കുന്നു. ഈ വ്യത്യസ്തത വഴി വധൂവരന്മാർ ഒറ്റശരീരമാകാനും (cf. ഉത്പ 2:24) പുതിയ ജീവനു ജന്മംന ല്കാനും കഴിവുള്ളവരായിത്തീരുന്നു. പുതിയ ജീവൻ സ്രഷ്ടാവിന്റെ നന്മ യുടെയും ജ്ഞാനത്തിന്റെയും സ്നേഹപൂർണമായ പദ്ധതിയുടെ പ്രകാശന മാണ്. ഈ സ്നേഹത്തിൽ അടിയുറപ്പിച്ച സ്ത്രീക്കും പുരുഷനും തങ്ങളുടെ മുഴുവൻ ജീവിതവും ഉൾച്ചേർക്കുകയും വിശ്വാസത്തിന്റെ വ്യത്യസ്ത തല ങ്ങൾ അനുസ്മരിപ്പിക്കുകയും ചെയ്യുന്ന ഒരു അടയാളത്താൽ പരസ്പരസ്നേ ഹം വാഗ്ദാനം ചെയ്യാൻ കഴിയുന്നു. നമ്മുടെതന്നെ ആശയങ്ങളെക്കാളും സംരംഭങ്ങളെക്കാളും വലിയ പദ്ധതി നാം കാണുമ്പോൾ എന്നേക്കും സ്നേഹിക്കാമെന്നു വാഗ്ദാനം ചെയ്യാൻ സാധിക്കുന്നു. നമ്മെ താങ്ങിനിറു ത്തുന്നതും നാം സ്നേഹിക്കുന്ന വ്യക്തിക്കുവേണ്ടി നമ്മുടെ മുഴുവൻ ഭാവി യെയും സമർപ്പിക്കാൻ ശക്തി നല്കുന്നതുമായ പദ്ധതിയാണത് (നമ്പർ 52). "വിശ്വാസം ഭീരുക്കൾക്കുള്ള ആഭയകേന്ദ്രമല്ല. മറിച്ച്, ജീവിതത്തെ ധീരത യോടെ പുറത്തേക്കു കൊണ്ടുവന്ന് വിശാലമാക്കുന്നവർക്കുള്ളതാണ്. ഈ സ്നേഹം വിശ്വാസയോഗ്യമാണെന്നും അതിനായി സ്വയം സമർപ്പിക്കാൻ കൊള്ളാവുന്നതാണെന്നും അതു നമുക്ക് ഉറപ്പു നല്കുന്നു. കാരണം, അതിന്റെ അടിത്തറ ദൈവത്തിന്റെ വിശ്വസ്തതയിലാണ് കാണപ്പെടുന്നത്. ആ വിശ്വസ്തത നമുക്കുള്ള എല്ലാ ദൗർബല്യങ്ങളെക്കാളും ശക്തമാണ്" (ന മ്പർ 53).

**ചോദ്യങ്ങൾ**

താഴെപ്പറയുന്ന ചോദ്യങ്ങളുടെ പട്ടിക അസാധാരണ സിനഡിന്റെ തയ്യാറെ ടുപ്പിൽ സജീവമായി പങ്കുചേരാൻ പ്രാദേശികസഭകളെ അനുവദിക്കുന്നു. കുടുംബം ഇന്നു നേരിടുന്ന അജപാലനവെല്ലുവിളികളുടെ പശ്ചാത്തലത്തിൽ സുവിശേഷം പ്രസംഗിക്കുക എന്നതാണ് ഈ സിനഡിന്റെ ലക്ഷ്യം.

**I. കുടുംബത്തെക്കുറിച്ച് വിശുദ്ധഗ്രന്ഥത്തിലും സഭയുടെ പ്രബോധനാധി കാരത്തിലുമുള്ള പ്രബോധനങ്ങളുടെ വ്യാപനം**

എ) വിശുദ്ധഗ്രന്ഥം, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ കോൺസ്റ്റിറ്റ്യൂ ഷനായ സഭ ആധുനികലോകത്തിൽ, കുടുംബം ഒരു കൂട്ടായ്മ, കൗൺസിലിനു ശേഷമുള്ള സഭയുടെ മറ്റ് ഔദ്യോഗികരേഖകൾ എന്നിവ യിലെ കത്തോലിക്കാസഭയുടെ പ്രബോധനങ്ങൾ – അവയിൽ ഉൾക്കൊള്ളുന്ന കുടുംബമൂല്യം – എങ്ങനെ ആളുകൾ മനസ്സിലാക്കിയിരിക്കുന്നുവെന്ന് വിവ രിക്കുക. കുടുംബജീവിതത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനങ്ങളിൽ നമ്മുടെ ജനങ്ങൾക്ക് എന്തു പരിശീലനമാണ് കൊടുത്തിട്ടുള്ളത്?

ബി) സഭയുടെ പ്രബോധനം അറിയപ്പെടുന്ന ഇടങ്ങളിൽ അതു പൂർണമായി സ്വീകരിക്കപ്പെട്ടിട്ടുണ്ടോ? അഥവാ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടോ? ഉണ്ടെങ്കിൽ ഏവ?

സി) ദേശീയ, രൂപത, ഇടവക തലങ്ങളിലെ അജപാലനകർമ്മപദ്ധതികളിൽ സഭയുടെ പ്രബോധനം എത്രമാത്രം വ്യാപകമാണ്? കുടുംബത്തെക്കുറിച്ച് എന്തു മതബോധനമാണ് നല്കിയിട്ടുള്ളത്?

ഡി) സഭയ്ക്കു വെളിയിൽ എത്രമാത്രം, പ്രത്യേകിച്ച് ഏതു വശങ്ങൾ, ഈ പ്രബോധനം യഥാർത്ഥത്തിൽ അറിയുകയും സ്വീകരിക്കുകയും അഥവാ നിരാകരിക്കുകയും വിമർശിക്കുകയും ചെയ്യപ്പെട്ടിരിക്കുന്നു? കുടുംബത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനം പൂർണമായി സ്വീകരിക്കുന്നതിനു പ്രതിബന്ധമായിട്ടുള്ള സാംസ്കാരിക ഘടകങ്ങൾ ഏവ?

## II. സ്വാഭാവികനിയമം അനുസരിച്ചുള്ള വിവാഹം

എ) സമൂഹത്തിന്റെ സാംസ്കാരികരംഗങ്ങളിൽ സ്വാഭാവികനിയമമെന്ന ആശയത്തിന് എന്തു സ്ഥാനമാണുള്ളത്: സ്ഥാപനങ്ങളിൽ, വിദ്യാഭ്യാസത്തിൽ, അക്കാദമികവൃത്തങ്ങളിൽ, പൊതുവിൽ ജനങ്ങൾക്കിടയിൽ? കുടുംബത്തിന്റെ സ്വാഭാവിക അടിസ്ഥാനത്തെക്കുറിച്ചുള്ള ചർച്ചയിൽ നരവംശശാസ്ത്രപരമായ ഏത് ആശയങ്ങളാണ് അന്തർലീനമായിരിക്കുന്നത്?

ബി) സ്ത്രീയും പുരുഷനും തമ്മിലുള്ള ഐക്യത്തെ സംബന്ധിച്ച സ്വാഭാവികനിയമമെന്ന ആശയം ക്രൈസ്തവർ സ്വീകരിച്ചിട്ടുണ്ടോ?

സി) കുടുംബരൂപീകരണത്തെ സംബന്ധിച്ചിടത്തോളം സ്ത്രീയും പുരുഷനും തമ്മിലുള്ള ഐക്യത്തിൽ സ്വാഭാവികനിയമത്തിന്റെ തത്ത്വവും പ്രയോഗവും എങ്ങനെയാണ് വെല്ലുവിളിക്കപ്പെടുന്നത്? രാഷ്ട്ര-സഭാസ്ഥാപനങ്ങളിൽ അത് എങ്ങനെയാണ് അവതരിപ്പിക്കുന്നതും വികസിക്കുന്നതും?

ഡി) വിശ്വാസം ജീവിക്കാത്ത കത്തോലിക്കരോ അവിശ്വാസികളെന്നു പ്രഖ്യാപിച്ചിട്ടുള്ളവരോ വിവാഹം നടത്തിക്കൊടുക്കാനാവശ്യപ്പെടുമ്പോൾ എങ്ങനെയാണ് ഈ അജപാലനവെല്ലുവിളി കൈകാര്യം ചെയ്യുന്നതെന്ന് വിശദീകരിക്കുക.

## III. സുവിശേഷവത്കരണത്തിൽ കുടുംബത്തിന്റെ അജപാലനപരിചരണം

എ) വിവാഹത്തിനുള്ള തയ്യാറെടുപ്പിനെക്കുറിച്ച് കഴിഞ്ഞ ദശകങ്ങളിൽ എന്ത് അനുഭവങ്ങളാണ് ഉണ്ടായിട്ടുള്ളത്? ദമ്പതികളുടെയും കുടുംബത്തിന്റെയും സുവിശേഷവത്കരണദൗത്യം ഉത്തേജിപ്പിക്കുന്നതിന് എന്ത് ഉദ്യമങ്ങളാണ് നടത്തുന്നത്? ഗാർഹികസഭയെന്ന നിലയിൽ കുടുംബത്തെക്കുറിച്ചുള്ള ഒരു അവബോധം എങ്ങനെ പരിപോഷിപ്പിക്കാം?

ബി) ജീവിതത്തിന്റെ സങ്കീർണതകളെയും ഇന്നത്തെ സംസ്കാരത്തെയും പ്രതിരോധിക്കത്തക്കവിധം കുടുംബത്തിൽ പ്രാർത്ഥനയുടെ ഒരു രീതി നിർദ്ദേശിക്കുന്നതിനു നിങ്ങൾ എത്രമാത്രം വിജയിക്കുന്നു?

സി) തലമുറകൾ തമ്മിലുള്ള ഇന്നത്തെ സംഘർഷത്തിൽ വിശ്വാസകൈമാറ്റത്തിനുള്ള വിളി പൂർത്തീകരിക്കാൻ എങ്ങനെ ക്രൈസ്തവകുടുംബങ്ങൾ





കഴിവുള്ളവയാകുന്നു?

ഡി) പ്രാദേശികസഭകൾക്കും കുടുംബആധ്യാത്മികപ്രസ്ഥാനങ്ങൾക്കും എങ്ങനെ മാതൃകാപരമായ പ്രവർത്തനരീതികൾ കരുപ്പിടിപ്പിക്കാനാവും?

ഇ) ദമ്പതികളെയും ക്രൈസ്തവകുടുംബത്തെയും കുറിച്ചുള്ള വിശ്വസനീയവും സമഗ്രവുമായ ഒരു ആശയം പ്രചരിപ്പിക്കുന്നതിനു ദമ്പതികൾക്കും കുടുംബങ്ങൾക്കും എന്തു സവിശേഷസംഭാവനകളാണ് നല്കാവുന്നത്?

എഫ്) പരിശീലനത്തിലുള്ള ദമ്പതികളെയും സംഘർഷാവസ്ഥയിലായിരിക്കുന്ന ദമ്പതികളെയും സഹായിക്കുന്നതിന് എന്ത് അജപാലനപരിചരണമാണ് സഭ നല്കിയിട്ടുള്ളത്?

## IV. ബുദ്ധിമുട്ടുള്ള ചില ദാമ്പത്യസാഹചര്യങ്ങളിലെ അജപാലനപരിചരണം

എ) നിങ്ങളുടെ പ്രാദേശികസഭയിൽ പരീക്ഷണാർത്ഥമുള്ള കൂടിത്താമസം ഒരു യാഥാർത്ഥ്യമാണോ? ഏകദേശ ശതമാനം പറയാനാവുമോ?

ബി) മതപരമായിട്ടോ സിവിൾപരമായിട്ടോ അംഗീകരിക്കപ്പെടാത്ത ഐക്യങ്ങൾ ഉണ്ടോ? വിശ്വസനീയമായ സ്ഥിതിവിവരക്കണക്ക് ലഭ്യമാണോ?

സി) നിങ്ങളുടെ പ്രാദേശികസഭയിൽ വേർപിരിഞ്ഞ ദമ്പതികളും വിവാഹമോചനം നേടി പുനർവിവാഹം ചെയ്തവരും ഉണ്ടോ? അവർ ഏകദേശം എത്ര ശതമാനമുണ്ട്? ഉചിതമായ അജപാലനകർമ്മപദ്ധതികളിൽ ഈ പ്രശ്നം നിങ്ങൾ എങ്ങനെ കൈകാര്യം ചെയ്യുന്നു?

ഡി) മുകളിൽക്കണ്ട എല്ലാ കാര്യങ്ങളിലും, ഈ ക്രമരഹിതസാഹചര്യത്തിൽ, എങ്ങനെയാണ് മാമ്മോദീസ സ്വീകരിച്ചവർ ജീവിക്കുന്നത്? അതേക്കുറിച്ചുള്ള അവരുടെ അവബോധമെന്ത്? അവർ നിസംഗരാണോ? തങ്ങൾ പാർശ്വവത്കരിക്കപ്പെട്ടവരായി അവർക്കു തോന്നുന്നുണ്ടോ? കൂദാശകൾ സ്വീകരിക്കാൻ സാധിക്കാത്തതിന്റെ പേരിൽ അവർ വിഷമിക്കുന്നുണ്ടോ?

ഇ) വിവാഹമോചിതരായി വീണ്ടും വിവാഹം കഴിച്ചവർ ദിവ്യകാരുണ്യത്തിന്റെയും അനുരഞ്ജനത്തിന്റെയും കൂദാശകളെക്കുറിച്ച് എന്തു ചോദ്യങ്ങളാണ് സഭയോട് ഉന്നയിക്കുന്നത്? ഇത്തരം സാഹചര്യങ്ങളിലായിരിക്കുന്നവരിൽ എത്രപേർ ഈ കൂദാശകൾ ആവശ്യപ്പെടുന്നുണ്ട്?

എഫ്) വിവാഹബന്ധം അസാധുവായി പ്രഖ്യാപിക്കുന്ന കാനോനിക നടപടിയുടെ ലഘൂകരണം ഇതിൽ ഉൾപ്പെട്ടിരിക്കുന്ന വ്യക്തികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായകമാകുമോ? ആകുമെങ്കിൽ ഏതു രീതിയാണ് അത് സ്വീകരിക്കേണ്ടത്?

ജി) ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു ശുശ്രൂഷ നിലവിലുണ്ടോ? ആ അജപാലനശുശ്രൂഷ വിവരിക്കുക; അത്തരം പ്രോഗ്രാമുകൾ ദേശീയ-രൂപതാതലങ്ങളിൽ നിലനില്ക്കുന്നുണ്ടോ? വേർപിരിഞ്ഞ ദമ്പതികളോടും വിവാഹബന്ധം ഉപേക്ഷിച്ച് പുനർവിവാഹം ചെയ്തവരോടും എങ്ങനെയാണ് കർത്താവിന്റെ കരുണ പ്രഘോഷിക്കുന്നത്? അവരുടെ വിശ്വാസ

യാത്രയിൽ എങ്ങനെയാണ് സഭ അവരെ പ്രായോഗികമായി സഹായിക്കുന്നത്?

**V. സ്വവർഗത്തിൽപ്പെട്ട വ്യക്തികളുടെ ഐക്യത്തെപ്പറ്റി**

എ) സ്വവർഗത്തിൽപ്പെട്ട ആളുകളുടെ ഐക്യത്തെ അംഗീകരിക്കുന്നതും അതിനെ ഏതെങ്കിലുംവിധം വിവാഹത്തോടു തുല്യമാക്കുന്നതുമായ ഒരു സിവിൽ നിയമം നിങ്ങളുടെ രാജ്യത്ത് ഉണ്ടോ?

ബി) സ്വവർഗത്തിൽപ്പെട്ട വ്യക്തികളുടെ സിവിൾ ഐക്യത്തിന്റെ പ്രോത്സാഹകരെന്ന നിലയിൽ രാഷ്ട്രത്തോടും ഇത്തരം ഐക്യത്തിൽ ഉൾപ്പെട്ടിരിക്കുന്ന വ്യക്തികളോടും നിങ്ങളുടെ പ്രാദേശികസഭയുടെ മനോഭാവം എന്താണ്?

സി) സ്വവർഗഐക്യത്തിൽ ജീവിക്കുകയും കുട്ടികളെ ദത്തെടുക്കുകയും ചെയ്തവരുടെ കാര്യത്തിൽ വിശ്വാസകൈമാറ്റത്തിന് അജപാലനപരമായി എന്തുചെയ്യാനാവും?

**VI. ക്രമരഹിതവിവാഹങ്ങളിൽ കുട്ടികളുടെ വിദ്യാഭ്യാസം**

എ) ക്രമാനുസൃതമായി രൂപീകരിച്ചിട്ടുള്ള കുടുംബങ്ങളിൽ ജനിക്കുകയും വളർത്തപ്പെടുകയും ചെയ്യുന്ന കുട്ടികളെ അപേക്ഷിച്ച് ക്രമരഹിതമായ കുടുംബങ്ങളിലെ കുട്ടികളുടെയും കൗമാരക്കാരുടെയും അനുപാതം എന്താണ്?

ബി) ക്രമരഹിതവിവാഹങ്ങളിലെ മാതാപിതാക്കന്മാർ എങ്ങനെയാണ് സഭയെ സമീപിക്കുനനത്? എന്താണ് അവർ ആവശ്യപ്പെടുന്നത്? അവർ കൂദാശകൾ മാത്രമാണോ, അതോ മതബോധനവും മതത്തിന്റെ പൊതുപ്രബോധനവും കൂടി ആവശ്യപ്പെടുന്നുണ്ടോ?

ഇ) ഈ കുട്ടികളുടെ മാതാപിതാക്കന്മാരുടെ ആവശ്യങ്ങൾ നിറവേറ്റാൻ അതായത് ക്രൈസ്തവവിദ്യാഭ്യാസം നല്കാൻ പ്രാദേശികസഭകൾ എങ്ങനെയാണ് പരിശ്രമിക്കുന്നത്?

ഡി) ഇക്കാര്യങ്ങളിലെ കൗദാശികപതിവ് എന്താണ്: ഒരുക്കൽ, കൂദാശയുടെ പരികർമ്മം, അനുഗമിക്കൽ?

**VII. ദമ്പതികളുടെ ജീവനോടുള്ള തുറവ്**

എ) ഉത്തരവാദിത്വപൂർണമായ മാതൃത്വപിതൃത്വങ്ങളെക്കുറിച്ചുള്ള ആറാം പൗലോസ് മാർപാപ്പായുടെ മനുഷ്യജീവൻ എന്ന ചാക്രികലേഖനത്തിലെ പ്രബോധനങ്ങളെക്കുറിച്ച് ക്രൈസ്തവർക്ക് ഇന്ന് എന്ത് അറിവുണ്ട്? കുടുംബസംവിധാനത്തിന്റെ വിവിധ രീതികളെ ധാർമ്മികമായി എങ്ങനെ വിലയിരുത്തണമെന്ന് അവർക്ക് അറിയാമോ? ഇക്കാര്യത്തെക്കുറിച്ച് അജപാലനപരമായി എന്തെങ്കിലും ഉൾക്കാഴ്ചകൾ നല്കിയിട്ടുണ്ടോ?

ബി) ഈ ധാർമ്മികപ്രബോധനം സ്വീകരിക്കപ്പെട്ടിട്ടുണ്ടോ? ഈ പ്രബോധനം





സ്വീകരിക്കുന്നതിന് അതിന്റെ ഏതു വശങ്ങളിലാണ് ബഹുഭൂരിപക്ഷം ദമ്പതികൾക്കും ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നത്?

സി) ഹുമാനേവീത്തേയുടെ പ്രബോധനങ്ങൾ പ്രയോഗത്തിലാക്കുന്നതിന് ദമ്പതികളെ സഹായിക്കാൻ ഏതു സ്വാഭാവികരീതികളാണ് പ്രാദേശികസഭകൾ പ്രോത്സാഹിപ്പിക്കുന്നത്?

ഡി) കുമ്പസാരമെന്ന കൂദാശയുടെ പ്രയോഗത്തിലും വിശുദ്ധ കുർബാനയുടെ പങ്കെടുക്കലിലും ഈ വിഷയം സംബന്ധിച്ച് നിങ്ങളുടെ അനുഭവമെന്താണ്?

ഇ) ഇക്കാര്യത്തിൽ സഭയുടെ പ്രബോധനവും രാഷ്ട്രം നല്കുന്ന വിദ്യാഭ്യാസവും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്?

എഫ്) കുട്ടികൾ ഉണ്ടാകുന്നതിനെക്കുറിച്ച് എങ്ങനെ കൂടുതൽ തുറവുള്ള മനോഭാവം വളർത്താനാവും? കൂടുതൽ കുഞ്ഞുങ്ങളുടെ ജനനത്തെ എങ്ങനെ പ്രോത്സാഹിപ്പിക്കാനാവും?

**VIII. കുടുംബവും വ്യക്തിയും തമ്മിലുള്ള ബന്ധം**

എ) മനുഷ്യവ്യക്തിയുടെ രഹസ്യവും വിളിയും യേശുക്രിസ്തു വെളിപ്പെടുത്തുന്നു. എങ്ങനെ കുടുംബത്തെ ഇതു സംഭവിക്കുന്നതിന് വിശേഷാനുകൂല്യമുള്ള വേദിയാക്കാം?

ബി) ഒരുവന് ഏതു വിഷമസ്ഥിതിമൂലമാണ് ക്രിസ്തുവിനെ കണ്ടുമുട്ടാൻ സാധിക്കാതാകുന്നത്?

സി) ആളുകൾക്ക് അനുഭവപ്പെടാവുന്ന അനേകം വിശ്വാസസംഘർഷങ്ങൾ കുടുംബജീവിതത്തെ എത്രമാത്രം ബാധിക്കുന്നു?

**IX. മറ്റു വെല്ലുവിളികളും നിർദ്ദേശങ്ങളും**

മുകളിൽ കൊടുത്തിരിക്കുന്ന ചോദ്യാവലിയോടു ബന്ധപ്പെട്ട മറ്റ് ഏതെങ്കിലും വിഷയങ്ങളും നിർദ്ദേശങ്ങളും കൈകാര്യം ചെയ്യുന്നത് അവശ്യാവശ്യകമാണെന്നോ ഉപകാരപ്രദമാണെന്നോ നിങ്ങൾക്കു തോന്നുന്നുണ്ടോ?

വിവർത്തനം: റവ. ഫാ. ജോസ് കോട്ടയിൽ
സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ

# ഫാ. സെബാസ്റ്റ്യൻ ഇരിമ്പൻ
## അനുസ്മരണം

49 വർഷത്തെ പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിച്ച ബഹു. സെബാസ്റ്റ്യൻ ഇരിമ്പനച്ചൻ 2013 ഡിസംബർ 8 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3.30ന് നമ്മോട് വിടപറഞ്ഞ് നിത്യപിതാവിന്റെ പക്കലേക്ക് യാത്രയായി. പാലക്കാട് രൂപതയുടെ ആരംഭ പ്രേഷിതരിൽ ഒരാളും മുൻ വികാരി ജനറാളുമായിരുന്ന ബഹു. അച്ചനെ കുറിച്ചുള്ള അനുസ്മരണക്കുറിപ്പുകൾ ഭാവിതലമുറയ്ക്ക് പ്രചോദനമേകുമെന്ന് കരുതുന്നു.

തൃശൂർ രൂപതയിലെ പഴുവിൽ ഇടവകയിൽ ഇരിമ്പൻ ഇട്ടൂപ്പ് കുഞ്ഞനം ദമ്പതികളുടെ രണ്ടാമത്തെ മകനായി 1938 ജൂൺ 21ന് ജനിച്ച ബഹു. അച്ചൻ ഇടവകയിലെ സെന്റ് ആന്റണീസ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. മാതാപിതാക്കളുടെ സ്നേഹ സുരഭിലമായ ജീവിതമാതൃക സെബാസ്റ്റ്യനെ പൗരോഹിത്യത്തിലേക്ക് ആകർഷിച്ചു. 1958ൽ തൃശൂർ തോപ്പ് മൈനർ സെമിനാരിയിലും തുടർന്ന് ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിലും വൈദികപഠനം പൂർത്തിയാക്കിയ ബഹു. അച്ചൻ 1964 ഡിസംബർ 1ന് ബോംബെയിൽ വെച്ച് നടന്ന 38-ാം ദിവ്യാകാരുണ്യ കോൺഗ്രസ് വേളയിൽ പൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെട്ടു.

ആദ്യത്തെ നിയമനം ചാലക്കുടി ഫൊറോന പള്ളിയിലെ അസ്തേന്തിയായിട്ടായിരുന്നു. 1969ൽ എളവമ്പാടം പള്ളി വികാരിയായിരുന്നപ്പോൾ, യാത്രാ സൗകര്യങ്ങൾ വളരെ വിരളമായിരുന്ന പൊൻകണ്ടത്തേക്ക് സൈക്കിളിലും കാൽനടയായും യാത്രചെയ്ത് സ്ഥലത്തെ പള്ളിപണിയുവാൻ ബഹു. അച്ചൻ ജനങ്ങൾക്ക് നേതൃത്വം നൽകി. 1975 ജൂൺ 16ന് മണ്ണാർക്കാട് ഭാഗത്തെ വികാരിയായി നിയമിതനായപ്പോൾ, വി. പൗലോസ്ശ്ലീഹായുടെ പ്രേഷിത തീക്ഷ്ണതയോടെ മണ്ണാർക്കാട്, കോട്ടപ്പുറം, എടത്തനാട്ടുകര, അലനല്ലൂർ, തിരുവിഴാംകുന്ന്, കാരാപ്പാടം, മെഴുകുംപാറ, കണ്ടമംഗലം, ശ്രീകൃഷ്ണപുരം എന്നീ പ്രദേശങ്ങളിൽ ആരാധനാ സമൂഹങ്ങൾക്ക് രൂപം നൽകുകയും പള്ളികൾ സ്ഥാപിക്കുകയും ചെയ്തു. അമ്മാടം, മംഗലംഡാം, ഒലിപ്പാറ, കാഞ്ഞിരപ്പുഴ, കല്ലേപ്പുള്ളി, പാടൂർ, പഴമ്പാലക്കോട്, കേരളശ്ശേരി, താവളം, പരുത്തിക്കാട്, കൊല്ലങ്കോട്, കല്ലടിക്കോട്, ചിറ്റിലഞ്ചേരി, നെല്ലിയാമ്പതി എന്നീ ഇടവകകളിലും അദ്ദേഹം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1982ൽ രൂപത മൈനർ സെമിനാരി റെക്ട





റായും 1990ൽ കോട്ടയം വടവാതൂർ സെമിനാരിയിലെ ആധ്യാത്മിക പിതാവും അധ്യാപകനുമായും 2004 മുതൽ 2006 വരെ രൂപത വികാരി ജനറാളായും ബഹു. അച്ചൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തുടർന്ന് അച്ചൻ ഒരു വർഷത്തോളം ജെറുസലേമിലെ ബെനഡിക്റ്റൈൻ ആശ്രമത്തിൽ പഠനവും പ്രാർത്ഥനയുമായി ചെലവഴിച്ചത് പുത്തൻ ഉൾക്കാഴ്ച്ചകൾ ലഭിക്കുവാൻ സഹായിച്ചുവെന്ന് അദ്ദേഹം പറയുമായിരുന്നു.

സുദീർഘമായ പൗരോഹിത്യ ശുശ്രൂഷയ്ക്കുശേഷം 75-ാം വയസ്സിൽ രൂപതയിലെ വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുയായിരുന്നു ഇരിമ്പനച്ചൻ. 2013 നവംബർ 28-ാം തീയതി യുവക്ഷേത്രയിൽ വച്ച് അഭിവന്ദ്യ പിതാവും രൂപതയിലെ എല്ലാ വൈദികരും ഒരുമിച്ച് പൗരോഹിത്യ സുവർണ്ണജൂബിലി ബലിയർപ്പിക്കുകയും അനുമോദനയോഗത്തിൽ സംബന്ധിക്കുകയും ചെയ്തു. ബഹു. ഇരിമ്പനച്ചനോടൊപ്പം 1964ൽ തിരുപ്പട്ടം സ്വീകരിച്ച ബഹു. അച്ചന്മാർ 2013 ഡിസംബർ 1, 2 തീയതികളിൽ യുവക്ഷേത്രയിൽ ജൂബിലി വർഷാരംഭ സമ്മേളനം നടത്തി. അതിന് ബഹു. ഇരിമ്പനച്ചനാണ് നേതൃത്വം നൽകിയത്.

വൈദികമന്ദിരത്തിലെ വിശ്രമകാലത്തും ബഹു. ഇരിമ്പനച്ചൻ ആരോഗ്യവാനായി കാണപ്പെട്ടു. ഡിസംബർ 8-ാം തീയതി ഉച്ചയ്ക്ക് കൊട്ടിയത്തുള്ള തന്റെ സഹോദരി ബഹു. സി. മരിയയുമായി ഫോണിൽ സംസാരിച്ചിരുന്നു. അന്ന് 3 മണിക്ക് പെട്ടന്നുണ്ടായ ഹൃദയാസ്വാസ്ഥ്യം മൂലം അച്ചനെ പാലനാശുപത്രിയിൽ പ്രവേശിച്ചു. ഡോക്ടർമാരിൽനിന്ന് രോഗത്തിന്റെ ഗൗരവം മനസ്സിലാക്കിയ ബഹു. ജനറാളച്ചൻ ഇരിമ്പനച്ചന് രോഗീലേപനം നൽകി. കൃത്യസമയത്തുതന്നെ ഡോക്ടർമാരുടെ വിദഗ്ദ ചികിത്സയും പരിചരണവും ലഭിച്ചുവെങ്കിലും 3.30ന് ബഹു. ഇരിമ്പനച്ചൻ നമ്മോട് വിടപറഞ്ഞു.

ബഹു. അച്ചന്റെ മൃതദേഹം വൈദികമന്ദിരത്തിൽ പൊതുദർശനത്തിന് വച്ചപ്പോൾ തങ്ങളുടെ പ്രിയപ്പെട്ട ഇടയനോടുള്ള സ്നേഹാദരവുകൾ അർപ്പിക്കുവാൻ ബന്ധപ്പെട്ട ഇടവകകളിൽനിന്ന് ധാരാളം ജനങ്ങളും ബഹു. സിസ്റ്റേഴ്സും സഹോദരവൈദികന് ആദരാഞ്ജലികൾ അർപ്പിക്കുവാൻ വൈദികഗണവും എത്തിച്ചേർന്നു. ഡിസംബർ 9-ാം തീയതി 3 മണിക്ക് ബഹു. അച്ചന്റെ മൃതദേഹം പഴുവിൽ സഹോദരൻ മാത്യുവിന്റെ ഭവനത്തിലേക്ക് കൊണ്ടുപോയി. തൃശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ, മാർ ജെയിംസ് പഴയാറ്റിൽ, രാമനാഥപുരം രൂപതാദ്ധ്യക്ഷൻ മാർ പോൾ ആലപ്പാട്ട്, മൗണ്ട് സെന്റ് തോമസ് കൂരിയാ ബിഷപ്

മാർ ബോസ്കോ പുത്തൂർ എന്നീ പിതാക്കന്മാർ സ്ഥലത്തുവന്ന് പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. 10-ാം തീയതി ഇടവകയിലെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് മുഖ്യകാർമ്മികത്വം വഹിച്ചു. താമരശ്ശേരി രൂപത മുൻ ബിഷപ് മാർ പോൾ ചിറ്റിലപ്പിള്ളി കോതമംഗലം രൂപതാദ്ധ്യക്ഷൻ ജോർജ്ജ് മഠത്തികണ്ടം, സി.എം.ഐ. പ്രേഷിത പ്രോവിൻസ് പ്രൊവിഷ്യാൽ ബഹു. ആന്റണി പുത്തനങ്ങാടി, രാമനാഥപുരം രൂപതാ വികാരി ജനറാൾ മോൺ. ജോർജ്ജ് നരിക്കുഴി, വടവാതൂർ സെമിനാരി റെക്ടർ ബഹു. അലക്സ് താരാമംഗലം, സഹപാഠി ബഹു. ജോർജ്ജ് അക്കര എന്നിവരും തൃശൂർ, ഇരിങ്ങാലക്കുട, രാമനാഥപുരം, പാലക്കാട് എന്നീ രൂപതകളിലെ വൈദികരും തിരുക്കർമ്മങ്ങളിൽ സഹകാർമ്മികരായിരുന്നു. സെമിനാരിയിൽ സഹപാഠിയും എറണാകുളം അതിരൂപതാ മുൻ സഹായമെത്രാനുമായ മാർ തോമസ് ചക്യാത്ത് പിതാവ് ബഹു. ഇരിമ്പനച്ചന്റെ പൗരോഹിത്യ വ്യക്തിമാഹാത്മ്യവും പ്രേഷിത ചൈതന്യവും ആസ്പദമാക്കി നടത്തിയ ചരമപ്രസംഗം ശ്രോതാക്കളിൽ പ്രേഷിതാഭിമുഖ്യം ജ്വലിപ്പിക്കുവാൻ പര്യാപ്തമായിരുന്നു. അജപാലന ശുശ്രൂഷയിൽ ബഹു. ഇരിമ്പനച്ചൻ പുലർത്തിയ വിശ്വസ്തത, സഭാപ്രബോധനങ്ങളോടും അധികാരികളോടുമുള്ള വിധേയത്വം പാവങ്ങളോടുള്ള അനുകമ്പ എന്നിവ എടുത്തുകാണിച്ചുകൊണ്ട് നമ്മുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത അയച്ചുതന്ന അനുശോചന സന്ദേശം രൂപതാ ചാൻസലർ ബഹു. പീറ്റർ കൊച്ചുപുരയ്ക്കലച്ചൻ സംസ്കാര ശുശ്രൂഷമദ്ധ്യേ വായിക്കുകയുണ്ടായി. സംസ്കാര കർമ്മങ്ങൾ പൂർത്തിയാക്കി ദൈവാലയ സെമിത്തേരി കല്ലറയിൽ മൃതദേഹം സംസ്കരിച്ചു.

പഠനത്തിന് പ്രായം പ്രശ്നമല്ലെന്ന് വിളിച്ചറിയിക്കുന്നതായിരുന്നു ബഹു. ഇരിമ്പനച്ചന്റെ ജീവിതം. ഇടവകകളിൽ പ്രവർത്തനനിരതമായ ജീവിതത്തിനിടയിലും മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.എ. ബിരുദവും വടവാതൂർ സെമിനാരിയിലെ അദ്ധ്യാപകവൃത്തിയ്ക്കിടയിൽ ദൈവശാസ്ത്രത്തിൽ M.Th ഡിഗ്രിയും അദ്ദേഹം കരസ്ഥമാക്കി. തന്റെ ജീവിതാനുഭവങ്ങൾ തിരുവചനാടിസ്ഥാനത്തിൽ മനനം ചെയ്ത് രചിച്ച "101 ധ്യാനങ്ങൾ" എന്ന പുസ്തകം സസൂക്ഷ്മം വായിക്കുമ്പോൾ നമ്മുടെ ജീവിതത്തിലെ ഓരോ സംഭവത്തിലും ദൈവികപദ്ധതി എപ്രകാരമാണ് അനാവരണം ചെയ്യപ്പെടുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും.





ഇടവകകളിൽ ജാതിമതഭേദമെന്യേ ഭവനസന്ദർശനത്തിലൂടെ ജനങ്ങളുമായി നിരന്തരം ബന്ധപ്പെട്ടിരുന്ന ഇരിമ്പനച്ചൻ പാവപ്പെട്ടവരുടെ വേദനകളിൽ ആശ്വാസവും ധൈര്യവും പ്രദാനം ചെയ്തിരുന്ന യഥാർത്ഥ അജപാലകനെന്ന് ആരും സമ്മതിക്കും. വശ്യമായ പുഞ്ചിരിയും ഹൃദ്യമായ സംഭാഷണവും ആരെയും ആകർഷിക്കുമായിരുന്നു. പ്രകൃതിയുടെ ഭാഗമായ മനുഷ്യൻ മണ്ണിൽ പണിയെടുത്ത് അവനവന് ആവശ്യമായ ഭക്ഷണസാധനങ്ങൾ ഉല്പാദിപ്പിക്കണമെന്ന് പഠിക്കുകയും സ്വജീവിതത്തിൽ ഏറെക്കുറെ പ്രാവർത്തികമാക്കുകയും ചെയ്ത വ്യക്തിയാണ് ബഹു. ഇരിമ്പനച്ചൻ.

ബഹു. ഇരിമ്പനച്ചനെ പാലക്കാട് രൂപത്യ്ക്ക് സമ്മാനിച്ച ഇരിമ്പൻ കുടുംബത്തോടുള്ള നന്ദിയും കടപ്പാടും രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് വി. കുർബാനയിൽ പ്രത്യേകം അനുസ്മരിച്ചു. ബഹു. ഇരിമ്പനച്ചന്റെ വിശ്രമകാലയളവിൽ അദ്ദേഹത്തിന് ആവശ്യമായ കാര്യങ്ങൾ യഥാസമയം നിർവ്വഹിച്ചുകൊടുത്ത വൈദിക മന്ദിര ഡയറക്ടർ ബഹു. ടോം കിഴക്കേടത്ത്, വൈദികമന്ദിരത്തിൽ ശുശ്രൂഷചെയ്യുന്ന ബഹു. സിസ്റ്റേഴ്സ്, പാലന ആശുപത്രി ഡോക്ടർമാർ, നേഴ്സുമാർ, മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത് പ്രാർത്ഥിച്ച അഭിവന്ദ്യ പിതാക്കന്മാർ, വിവിധ രൂപതകളിലെ വൈദികർ, സിസ്റ്റേഴ്സ്, ജനങ്ങൾ, സംസ്കാരകർമ്മങ്ങൾക്ക് വീട്ടിലും പള്ളിയിലും ആവശ്യമായ എല്ലാ കാര്യങ്ങളും ചിട്ടയായും ഭംഗിയായും ക്രമീകരിച്ച വികാരി ബഹു. ആന്റണി ആലുക്ക, ബഹു. കൊച്ചച്ചൻ, ഇടവകയിലെ കൈക്കാരന്മാർ, ഇടവകജനങ്ങൾ, ഇടവക മഠത്തിലെ ബഹു. സിസ്റ്റേഴ്സ്, മൃതദേഹവുമായി ദൈവാലയത്തിലേക്കുള്ള യാത്രയിൽ പാതയോരത്ത് കൈകൂപ്പി പ്രാർത്ഥനാനിരതരായിരുന്ന ബാലികാബാലന്മാർക്കും അധ്യാപകർക്കും പാലക്കാട് രൂപതയിലെ വികാരി ജനറാൾ ബഹു. ജോസഫ് ചിറ്റിലപ്പിള്ളി അച്ചൻ കൃതജ്ഞത അർപ്പിച്ചു.

ദൈവനിശ്ചയത്തിന്റെ നിഗൂഢമായ വഴികൾ നമ്മെ ഓർമ്മിപ്പിക്കുകയാണ് ബഹു. സെബാസ്റ്റ്യൻ ഇരിമ്പനച്ചന്റെ ദേഹവിയോഗം. തന്റെ വിശ്വസ്തരായ ഭൃത്യർക്ക് വാഗ്ദാനം ചെയ്തിരിക്കുന്ന നിത്യജീവിതത്തിലേക്ക് സ്വർഗ്ഗപിതാവ് നമ്മുടെ പ്രിയപ്പെട്ട അച്ചനെ പ്രവേശിപ്പിക്കുമാറാകട്ടെയെന്ന് തുടർന്ന് പ്രാർത്ഥിക്കാം.

**മോൺ. ജോസഫ് ചിറ്റിലപ്പിള്ളി**
വികാരി ജനറാൾ




**2014 January**

| | | |
|---|---|---|
| 1 | | Ordination, Kalladikode |
| | PM | Jubilee, St. Paul's Church, Kalla |
| 2 | | Ordination, Ponkandam |
| 3 | PM | Ernakulam |
| 4 | AM | Holy Family Church, Chittoor, Palakkad |
| | PM | Vestition, Dominican Sisters, Mannarkkad |
| 5 | AM | St. Raphaels Cathedral |
| | | St. Williams Church, Edathanattukara |
| 6 | PM | Vestition, DDP Sisters, Chandranagar |
| 7-11 | | Synod, Mt. St. Thomas, Kakkanad |
| 12 | | Karanakodan Church, Ernakulam |
| 14 | | Monthly Recollection |
| 16 | | Meeting, Pastoral Centre |
| 17 | | St. Antony's Forane Church, Pazhuvil |
| 18 | | Christu Jyothi Church, Kaithachira |
| 20 | PM | Convent Blessing, Chittilencherry |
| 22 | | Health Commission Meeting, Delhi |
| 23 | | Thirunallur, Cherthala |
| 25 | AM | CHF Jubilee, Maryland |
| | PM | St. Sebastian Church, Akamalavaram |
| 27 | | Jubilee, Cherupushpam School, Vadakkencherry |
| 28 | | Ashadeepam Special School, Koonathara |

**2014 February**

| | | |
|---|---|---|
| 1 | PM | Divine Providence Church, Chandranagar |
| 2 | | Holy Family Church, Chulliamkulam |
| 3 | PM | St. Ritha's School, Nemmara |
| 5-12 | | CBCI Meeting, Palai |








**നവവൈദികർക്ക് ആശംസകൾ**

നമ്മുടെ രൂപതയ്ക്കുവേണ്ടി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച മംഗലംഡാം ഇടവകാംഗം ഡീ. ക്രിസ്റ്റോ കാരക്കാട്, ത്രിത്വമല ഇടവകാംഗം ഡീ. ബിജു കുമ്മംക്കോട്ടിൽ, പൊൻകണ്ടം ഇടവകാംഗം ഡീ. സെബിൻ ഉറുകുഴിയിൽ എന്നിവർക്ക് പ്രാർത്ഥനാശംസകൾ.

**വൈദികരുടെ മാസധ്യാനം**

ജനുവരി 14-ാം തിയ്യതി വൈദികരുടെ മാസധ്യാനം അരമനയിൽവെച്ച് നടത്തപ്പെടുന്നു. അന്നേദിവസം നവവൈദികർക്ക് സ്വീകരണം നൽകുന്നതാണ്. എല്ലാ വൈദികരും ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്.

**വൈദികരുടെ വാർഷികധ്യാനം**

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം സെപ്തംബർ 8 മുതൽ 13 വരെ യുവക്ഷേത്രയിൽവെച്ച് നടത്തപ്പെടുന്നതാണ്.

**വാർഷിക സ്ഥിതിവിവര കണക്കുകൾ**

ഇടവകകളും സ്ഥാപനങ്ങളും 2013 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള വാർഷിക സ്ഥിതിവിവരകണക്കുകൾ തയ്യാറാക്കി ജനുവരി 31ന് മുമ്പ് രൂപതാ ചാൻസിലറെ ഏൽപ്പിക്കേണ്ടതാണ്. സ്ഥിതിവിവര കണക്കുകൾ നൽകുവാനുള്ള ഫോം ജിം ഓഫ്സെറ്റ് പ്രസ്സിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽ നിന്നും ലഭ്യമാണ്.

**സ്കോളർഷിപ്പുകിട്ടി പഠിക്കുവാനുള്ള അവസരം**

Daughters of Mary Immaculate and Collaborators (DMI) and Missionaries of Mary Immaculate and Collaborators (MMI) are international Catholic religious congregations, founded by Rev. Fr. Dr. J.E. Arulraj.

With noble purpose of extending Quality Technical Education to the Catholic disadvantaged students, preferentially girl children, they wish to implement the following Assistance Schemes.

1. B.E- Computer Science and Engineering

2. B.E- Electronics and Communication Engineering
3. B.E- Electrical and Electronic Engineering
4. B.Tech Information Technology
5. B.E- Electronics and Instrumentation
6. B.E-Automobile Engineering
7. B.E.-Aeronautical Engineering

ഇത് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ബഹു. വികാരി ജനറാളച്ചനുമായി എത്രയും വേഗം ബന്ധപ്പെടുക.

## എപ്പാർക്കിയൽ അസംബ്ലി

**പഠനരേഖകൾ**

എപ്പാർക്കിയൽ അസംബ്ലിയുടെ വിഷയമായി തിരഞ്ഞെടുത്തിരിക്കുന്നത് “പ്രവർത്തനിരതമായ വിശ്വാസത്തിലൂടെ ക്രിസ്തു സാക്ഷ്യം” എന്നാണ്. നമ്മുടെ രൂപതയിൽ ക്രിസ്തുസാക്ഷ്യം നല്കികൊണ്ട് എപ്രകാരം ദൈവരാജ്യ സംസ്ഥാപനത്തിനു വേണ്ടി പ്രവർത്തിക്കാമെന്നാണ് അസംബ്ലിയുടെ ചർച്ചവിഷയം. ഈ വിഷയത്തെ 6 ആയി തിരിച്ചിരിക്കുന്നു. (a) വിശ്വാസത്തിലും പ്രവർത്തനത്തിലും അധിഷ്ഠിതമായ അജപാലന ശുശ്രൂഷയിലൂടെ ക്രൈസ്തവസാക്ഷ്യം (b) നവസുവിശേഷശവൽക്കരണം വിശ്വാസകൈമാറ്റത്തിന് (c) അർത്ഥമായ പ്രേഷിതത്വം ക്രിസ്തുസാക്ഷ്യത്തിന് (d) പ്രവർത്തനനിരതമായ വിശ്വാസപരിശീലനം (e) വിദ്യാഭ്യാസ - ആതുരശുശ്രൂഷ മേഖലകളും ക്രൈസ്തവസാക്ഷ്യവും (f) സാമൂഹിക പ്രവർത്തനമേഖലകളും ക്രൈസ്തവസാക്ഷ്യവും. ഈ ആറു വിഷയങ്ങൾക്കുപുറമെ “സന്യാസവും പ്രേഷിത പ്രവർത്തനവും” എന്ന വിഷയത്തെപ്പറ്റിയുള്ള പഠനരേഖ രൂപതയിലെ സന്യാസഭവനങ്ങളിൽ ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കും.

**പഠനരേഖകൾ ചർച്ചചെയ്യേണ്ട വിധം**

അസംബ്ലിയുടെ വിജയം പഠനരേഖകൾ രൂപതയിൽ ആകമാനം എപ്രകാരം ചർച്ച ചെയ്യപ്പെട്ടുവെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് പഠനരേഖകൾ നമ്മുടെ രൂപതയിലെ എറ്റവും അടിസ്ഥാന സംവിധാനമായ കുടുംബയൂണിറ്റുകളിൽ ചർച്ചചെയ്യപ്പെടണം. ജനുവരി 12നു മുമ്പായി ഈ പഠനരേഖകൾ ഇടവകയിൽ എത്തിക്കും. യുണിറ്റുകളിൽ ചർച്ചചെയ്യേണ്ടവിധം ഇപ്രകാരമാണ്. ഇടവകയിലെ തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളെ ഉൾപ്പെടുത്തി മേഖലാ തലത്തിൽ നടത്തപ്പെട്ട ചർച്ചാക്ലാസ്സിൽ പങ്കെടുത്ത വ്യക്തിയോ വികാരിയച്ചനോ ചർച്ചക്കു നേതൃത്വം കൊടുക്കണം. ഓരോ യൂണിറ്റിന്റെയും റിപ്പോർട്ട് തയ്യാറാക്കി, കുടുംബയൂണിറ്റുഭാരവാഹികളുടെ മീറ്റിംഗിൽ ഇടവകയുടെ റിപ്പോർട്ട് തയ്യാറാക്കണം. ആദ്യത്തെ മൂന്നു വിഷയങ്ങൾ ഏപ്രിൽ 20നു മുമ്പ് ചർച്ച പൂർത്തീകരിച്ച് റിപ്പോർട്ട് തയ്യാറാക്കണം. ബാക്കി മൂന്നു വിഷയങ്ങൾ ജൂൺ 30നു മുമ്പായി ചർച്ച ചെയ്ത് റിപ്പോർട്ട് തയ്യാറാക്കണം. ജൂലൈ മാസത്തിൽ നടത്തപ്പെടുന്ന ഫൊറോന കുടുംബസമ്മേളന ജനറൽ ബോഡിയിൽ, ഫൊറോനയിലെ ഇടവകകളിൽനിന്നും സമാഹരിച്ച റിപ്പോർട്ടുകൾ ചർച്ച ചെയ്ത് ഫൊറോന റിപ്പോർട്ട് തയ്യാറാക്കണം. ഈ റിപ്പോർട്ടാണ് രൂപതാകേന്ദ്രത്തിലേക്ക് അയച്ചുകൊടുക്കുക

**മേഖല ചർച്ചാക്ലാസ്സുകൾ**

കുടുംബസമ്മേളനങ്ങളിൽ പഠനരേഖകൾ ചർച്ചാവിഷയമാക്കാൻ നേതൃത്വം നല്ക്കുന്നതിനു ഇടവകകളിൽ നിന്നുള്ള പ്രതിനിധികളുടെ ചർച്ചാക്ലാസ്സുകൾ കാഞ്ഞിരപ്പുഴ, വടക്കഞ്ചേരി മേഖലകളിൽ നടന്നു. ജനുവരി 5നു ഞായറാഴ്ച 2.30 മുതലാണ് പാലക്കാട് മേഖലയിലെ ഈ ചർച്ചാക്ലാസ്സ് ക്രമീകരിച്ചിരിക്കുന്നത്. സ്ഥലം പാലക്കാട് പാസ്റ്ററൽ സെന്റർ. അട്ടപ്പാടി മേഖലയുടെ ചർച്ചാക്ലാസ്സ് ജനുവരി 4നു താവളം ഫൊറോന പാരീഷ് ഹാളിൽ വച്ചാണ്. സമയം രാവിലെ 9.30 മുതൽ 4 മണിവരെ.

## പ്രസ്ബിറ്ററൽ കൗൺസിൽ - റിപ്പോർട്ട്

2013 നവംബർ 26നു യുവക്ഷേത്രയിൽ നടന്ന വൈദിക തുടർപരിശീലന പരിപാടിക്കുതൊട്ടുമുമ്പായ് 10.30നു കൂടിയ പ്രസ്ബിറ്ററൽ കൗൺസിലിൽ അഭിവന്ദ്യപിതാവ് അദ്ധ്യക്ഷനായിരുന്നു. ബഹു. നിലേഷ് തുരുത്തിപള്ളിയച്ചന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. 32 അംഗങ്ങൾ പങ്കെടുത്ത മീറ്റിംഗിൽ അഭിവന്ദ്യപിതാവ് എല്ലാവരെയും സ്വാഗതം ചെയ്ത് ചർച്ചാവിഷയങ്ങൾക്കു ആമുഖം നല്കി. സെക്രട്ടറി ഫാ. ജോർജ്ജ് തുരത്തിപള്ളി കഴിഞ്ഞ മീറ്റിംഗിന്റെ റിപ്പോർട്ട് വായിച്ചു. റിപ്പോർട്ടിന്മേലുള്ള വിലയിരുത്തലിനുശേഷം ചർച്ചാവിഷയങ്ങളിലേക്ക് പ്രവേശിച്ചു.

പ്രഥമ എപ്പാർക്കിയൽ അസംബ്ലിക്കു ഒരുക്കമായി നടത്തേണ്ട കാര്യങ്ങളെ സംബന്ധിച്ച് അസംബ്ലി സെന്ററൽ കമ്മിറ്റി സെക്രട്ടറി. ഫാ. ജോർജ്ജ് തുരത്തിപ്പള്ളി വിശദീകരിച്ചു. റൂബി ജൂബിലിയോടനുബന്ധിച്ചു നടത്തുന്ന ഹോംമിഷനെ പറ്റി ചർച്ചകൾ നടന്നു. ഹോംമിഷൻ കഴിഞ്ഞ ഇടവകകളിലെ വികാരിമാർ വിലയിരുത്തി സംസാരിച്ചു. കൂടുതൽ ഫലപ്രദമായ രീതിയിൽ നടത്താൻ വേണ്ട ക്രമീകരണങ്ങൾക്കായി രൂപതയുടെ ഫാമിലി അപ്പസ്തോലേറ്റ് ഡിപ്പാർട്ടുമെന്റിനെ ഏല്പിച്ചു. ബഹു. വികാരിമാരുടെ നേതൃത്വത്തിൽ ഇടവകകൾ ഒരുങ്ങുന്നതിനനുസരിച്ചായിരിക്കും ഹോം മിഷന്റെ വിജയമെന്ന് അഭിവന്ദ്യപിതാവ് ഓർമ്മിപ്പിച്ചു.

പ്രധാന ചർച്ചവിഷയമായ " ഗാഡ്ഗിൽ – കസ്തൂരി രംഗൻ റിപ്പോർട്ടും, ഭാവിയിൽ കർഷകർ നേരിടേണ്ടിവരുന്ന ഭവിഷത്തുകളും" എന്ന വിഷയത്തെപ്പറ്റിയുള്ള ക്ലാസ്സും ചർച്ചയും പ്രസ്ബിറ്ററൽ കൗൺസിലിനു ശേഷമുള്ള വൈദീകസമ്മേളനത്തിൽ നടത്താമെന്നു പിതാവ് നിർദ്ദേശിച്ചു. അതുകൊണ്ട് മറ്റുചില പ്രധാനകാര്യങ്ങൾ പിതാവ് ഓർമ്മിപ്പിച്ചു. വൈദീകക്ഷേമനിധിയിലേക്ക് സ്ഥാപനങ്ങളിൽനിന്നുള്ള 13-ാം മാസ അലവൻസ് കൊടുക്കുന്ന രീതി ഇപ്പോൾ ഉള്ളതുപോലെ തുടരാൻ തീരുമാനിച്ചു. രൂപതയിൽ നിന്നും മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദീക വിദ്യാർത്ഥികൾക്ക്, ഒരാൾക്ക് പ്രതിവർഷം പ്രതി 29000 രൂപ കൊടുക്കണമെന്നും, അത് ഇടവകകളിൽ നിന്നു കണ്ടുപിടിക്കാൻ ഇടവകവികാരിമാർ ഉത്സാഹിക്കണമെന്നും പിതാവ് ഓർമ്മപ്പെടുത്തി. മെത്രാൻ സിനഡിന്റെ കീഴിലുള്ള തലശ്ശേരിയിലെ മേജർ സെമിനാരിയുടെ നടത്തിപ്പിനായ് സഹായിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഇടവകകൾ സ്വയം തീരുമാനിച്ച് കൊടുക്കേണ്ട ഫണ്ട് രൂപികരിക്കാൻ തീരുമാനിച്ചു. സംഘടനകളുടെ ഫൊറോനതല മത്സരങ്ങളിൽ ചമയങ്ങൾ വേണ്ടന്നുള്ള തീരുമാനം എടുക്കാൻ സംഘടന ഡയറക്ടർമാർ ശ്രമിക്കണമെന്നും തീരുമാനിച്ചു. സംഘടന പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ഓരോ ഇടവകയിൽ നിന്നും കൊടുക്കാമെന്നും ഓർമ്മിപ്പിച്ചു. 11.30നോടുകൂടി കൗൺസിൽ മീറ്റിംഗ് അവസാനിക്കുകയും, തുടർന്ന് വൈദിക സമ്മേളനം ആരംഭിക്കുകയും ചെയ്തു.

**ഫാ. ജോർജ് തുരുത്തിപള്ളി**

പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Feb-14 | SAT | Rev. Fr. Puthukara John |
| 3-Feb-14 | MON | Rev. Fr. Thaikattil Anto |
| 4-Feb-14 | TUE | Rev. Fr. Thamarassery Sebastian |
| 5-Feb-14 | WED | Rev. Fr. Thanickal Thomas |
| 6-Feb-14 | THU | Rev. Fr. Tharaniyil Paul |
| 7-Feb-14 | FRI | Rev. Fr. Thattil Martin |
| 8-Feb-14 | SAT | Rev. Fr. Thekkumkattil Jomy |
| 10-Feb-14 | MON | Rev. Fr. Theruvankunnel George |
| 11-Feb-14 | TUE | Rev. Fr. Thoonikavil Jose Prakash |
| 12-Feb-14 | WED | Rev. Fr. Thottian Paul |
| 13-Feb-14 | THU | Rev. Fr. Thukkuparambil Betson |
| 14-Feb-14 | FRI | Rev. Fr. Thuruthuvelil Nilesh |
| 15-Feb-14 | SAT | Rev. Fr. Thuruthipally George |
| 17-Feb-14 | MON | Rev. Fr. Urukuzhiyil Sebin |
| 18-Feb-14 | TUE | Rev. Fr. Vadakkekara Goji |
| 19-Feb-14 | WED | Rev. Fr. Vadakkekara Tom |
| 20-Feb-14 | THU | Rev. Fr. Vadakkumchery Thomas |
| 21-Feb-14 | FRI | Rev. Fr. Vadakken Jaison |
| 22-Feb-14 | SAT | Rev. Fr. Valayathil Xavier |
| 24-Feb-14 | MON | Rev. Fr. Vattukalathil Saji |
| 25-Feb-14 | TUE | Rev. Fr. Vazhayil Mathew |
| 26-Feb-14 | WED | Rev. Fr. Vazheparambil Sebastian |
| 27-Feb-14 | THU | Rev. Fr. Velliamkandathil Jaijin |
| 28-Feb-14 | FRI | Rev. Fr. Ackaparambil Joyson |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

email: catechismpalghat@gmail.com, website: www.catechismpalghat.org

**മതബോധന കൗൺസിൽ മീറ്റിംഗ്**

രൂപതമതബോധന കൗൺസിൽ മീറ്റിംഗ് ഡിസംബർ 21-ാം തിയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. അഭിവന്ദ്യ പിതാവ് മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു.

**VIII & IX ലൈംഗീക ധാർമ്മികാവബോധ സെമിനാർ 2013-14**

വർദ്ധിച്ചുവരുന്ന ലൈംഗീക അരാജകത്വത്തിന്റെ നടുവിൽ കുട്ടികൾക്ക് ദിശാബോധം നൽകുന്നതിനായി ലൈംഗീക ധാർമ്മികാവബോധ സെമിനാറുകൾ സംഘടിപ്പിച്ചിരിക്കുന്നു. ലൈംഗീകത ദൈവദാനമാണെന്നുള്ള തിരിച്ചറിവിലേക്ക് കടന്നുവരുവാൻ ഈ സെമിനാറുകൾ കുട്ടികളെ സഹായിക്കട്ടെ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | |
|---|---|---|
| ജനുവരി 05 ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജനുവരി 12 ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 19 ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 02 ഞായർ | 9.30am to 4.00pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 09 ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 16 ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സമ്മേളനവും ലോഗോസ് ക്വിസ് അവാർഡ് ദാനവും**

സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സംയുക്ത സമ്മേളനം 2014 ജനുവരി 11-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 1.00 വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരും സെക്രട്ടറിമാരും പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.





രാവിലെ 10.00 മണിക്ക് നടക്കുന്ന മീറ്റിംഗിൽ വച്ച് ലോഗോസ് ക്വിസ് 2013 ലെ വിജയികൾക്കുള്ള സമ്മാനദാനം അഭിവന്ദ്യപിതാവ് നിർവ്വഹിക്കുന്നതാണ്. രൂപതാതലത്തിൽ 1, 2, 3 റാങ്കുലഭിച്ചവരും 4, 5 സ്ഥാനം ലഭിച്ചവരും സൺഡേ സ്കൂൾ തലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസിലെയും 1,2,3 സ്ഥാനക്കാരും പ്രസ്തുത മീറ്റിംഗിൽ സന്നിഹിതരാകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

A വിഭാഗത്തിൽ 60% മേൽ മാർക്ക് ലഭിച്ചവർക്കും B,C,D,E,F വിഭാഗങ്ങളിൽ 70% ൽ കൂടുതൽ മാർക്കു ലഭിച്ചവർക്കുമുള്ള സർട്ടിഫിക്കറ്റുകൾ ഓരോ ഇടവകയിലേക്കുമുള്ള കവറുകളിൽ നിന്ന് ലഭിക്കുന്നതാണ്. കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾക്കുമുള്ള ട്രോഫികളും സമ്മാനങ്ങളും അന്നേദിവസം നൽകുന്നതാണ്. **(നവംബറിലെ ബുള്ളറ്റിൻ പേജ് 24, 26-29 കാണുക).**

**X^th^, II HDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ്**

ഞായറാഴ്ച വേദോപദേശത്തിന്റെ X^th^, II HDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കാനുള്ള ഫോമുകളും സർട്ടിഫിക്കറ്റുകളും മതബോധന കേന്ദ്രത്തിൽ ലഭ്യമാണ്. സർട്ടിഫിക്കറ്റുകൾ യൂണിറ്റുകളിൽ തന്നെ പൂരിപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച ഫോമുകളും സർട്ടിഫിക്കറ്റുകളും ജനുവരി 27-ാം തിയതി ഉത്തരക്കടലാസിനോടൊപ്പം മതബോധന കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സർട്ടിഫിക്കറ്റുകൾ പൂരിപ്പിക്കുമ്പോൾ ജനനതീ യതി, മാമ്മോദീസാ തീയതി, തുടങ്ങിയ എല്ലാകാര്യങ്ങളും കൃത്യമായും നിർബന്ധമായും പൂരിപ്പിക്കണം. സർട്ടിഫിക്കറ്റുകൾ പൂരിപ്പിച്ചു നൽകുന്ന അവസരത്തിൽ സർട്ടിഫിക്കറ്റ് ഫീസായ 15 രൂപയും ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാ ക്വിസ് 2013-2014 നറുക്കെടുപ്പ്**

ഡിസംബർ 21-ാം തീയതി പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാമതബോധന കൗൺസിൽമദ്ധ്യേ മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസിന്റെ നറുക്കെടുപ്പ് നടന്നു.

**സമ്മാനാർഹരായവർ**

**വിശുദ്ധനാട് തീർത്ഥാടനം**

| | | |
|---|---|---|
| എ ഗ്രൂപ്പ് | - | ജോസ്ന ജോസഫ്, അഗളി |
| ബി ഗ്രൂപ്പ് | - | ജെൻസി പി ജോൺ, കാരറ |
| സി ഗ്രൂപ്പ് | - | സി. കൊച്ചുറാണി സി.എസ്. സി, പോത്തുണ്ടി |

**വേളാങ്കണ്ണി തീർത്ഥാടനം**

**എ ഗ്രൂപ്പ്**

1. എസ്തേർ മരിയ, കത്തീഡ്രൽ
2. ജെബിൻ ജോണി, പുലാപ്പറ്റ
3. ജെസ്സി ജി, കല്ലടിക്കോട്
4. അബിത ഫ്രാൻസിസ്, കാഞ്ഞിരപ്പുഴ
5. സോനാ മാത്യു, കേരളശ്ശേരി
6. അമൽ സെബാസ്റ്റ്യൻ, പൊന്നംകോട്
7. പ്രിൻസി എൽ, കത്തീഡ്രൽ
8. അനില മാത്യു, ചീനിക്കപ്പാറ
9. റിജ ജോർജ്ജ്, കണ്ടമംഗലം
10. ആൻഡ്രു ജോസ്, എളവംപാടം
11. അനാ അഗസ്, പട്ടാമ്പി
12. ലിജി ജോർജ്ജ്, കത്തീഡ്രൽ
13. അലീന റോയ്, പാലക്കയം
14. സെബിൻ വിൽസൺ, പട്ടാമ്പി
15. അജിൻ ബാബു, കാരാപ്പാടം

**ബി ഗ്രൂപ്പ്**

1. അനൂപ് ജെയിംസ്, ഇടത്തനാട്ടുകര
2. ജോമിഷ, കാരറ
3. ജിനു മാത്യു, പൊൻകണ്ടം
4. ജിറ്റോ സി ജോയ്, പൊൻകണ്ടം
5. എലിസബത്ത് എം, മുണ്ടൂർ
6. അമന്റ ബെൻ, പൊന്നംകോട്
7. അനെയ്ഡ ആൻ ജേക്കബ്, കൊടുന്തിരപ്പുള്ളി
8. ബ്ര. ജോമോൻ, കല്ലേപ്പുള്ളി
9. ബ്ര. നിധിൻ, കല്ലേപ്പുള്ളി
10. അനീഷ അഗസ്റ്റ്യൻ, കോട്ടത്തറ
11. ഡോണ മാത്യു, പാലക്കുഴി
12. അനസ്തി റോസ്, ഇരുമ്പകച്ചോല
13. മേഘ ലോറൻസ്, ഇരുമ്പകച്ചോല
14. ജ്യോതി ജോസ്, കാണിക്കമാതാ
15. അനില മാത്യു, മംഗലംഡാം





**സി ഗ്രൂപ്പ്**

1. വർഗ്ഗീസ് പി. ടി, യാക്കര
2. സിബിന ടോമി, കാരാപ്പാടം
3. തോമസ് കെ, അരപ്പാറ
4. ഷാജി ഫിലിപ്പ്, ഓഡംതോട്
5. തങ്കമ്മ തോമസ്, ബാലേശ്വരം
6. സി. എൽസി റോസ്, പട്ടാമ്പി
7. സി. ആഞ്ചലീന, കൊടുവായൂർ
8. സ്വപ്ന ജെയിംസ്
9. സി. ഗ്ലോറിയ എഫ്. സി.സി, ടൗൺ ചർച്ച്
10. അജൽ കെ ആൻണി, നെമ്മാറ
11. മീന ജേക്കബ്, മരിയനഗർ മലമ്പുഴ
12. ചിഞ്ചു ഫ്രാൻസിസ്, തിരുവിഴാംകുന്ന്
13. ബിൻസി വി വചനഗിരി
14. തിമോത്തെയോസ്, കാരറ
15. ആനീസ് കെ, പാലപ്പുറം

**S.M.C.C അവാർഡ്**

S.M.C.C അവാർഡ് സഭാതല ശിൽപശാലയും അവാർഡ് ദാനവും ഡിസംബർ 26, 27, 28 തിയ്യതികളിലായി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടന്നു. പ്രസ്തുത ശിൽപ്പശാലയിൽ ഏറ്റവും മികവുപുലർത്തിയ 10 പേരിൽ അംഗമായ അമന്റ ബെന്നിന് അഭിനന്ദനങ്ങൾ.

**രണ്ടാം സെമസ്റ്റർ സൺഡേസ്കൂൾ പരീക്ഷകൾ**

I. **10, 11, 12 ക്ലാസുകൾ**

10, 11, 12 ക്ലാസുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ ജനുവരി 26-ാം തീയതി ഞായറാഴ്ച നടക്കുന്നതായിരിക്കും. 10-ാം ക്ലാസിന് 75 മാർക്കിലും 12-ാം ക്ലാസിന് 80 മാർക്കിലുമായിരിക്കും പരീക്ഷ. 10, 12 ക്ലാസ്സുകൾക്ക് രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് 30% മാർക്കിനുള്ള ചോദ്യങ്ങൾ ആദ്യസെമസ്റ്ററിന്റെ പാഠ്യഭാഗത്തുനിന്നും ബാക്കി 70% മാർക്കിനുള്ള ചോദ്യങ്ങൾ രണ്ടാം സെമസ്റ്ററിന്റെ പാഠ്യഭാഗത്തുനിന്നുമായിരിക്കും. രണ്ടാം സെമസ്റ്റർ എഴുത്തുപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് റാങ്കുകൾ നിശ്ചയിക്കുന്നത്. എന്നാൽ റിസൾട്ട് തീരുമാനിക്കുവാൻ പാഠ്യേതര ഇനത്തിലുള്ള മാർക്കു കൂടി പരിഗണിക്കുന്നതാണ്.

II. **I to IX ക്ലാസുകൾ**

I മുതൽ IX വരെ ക്ലാസ്സുകൾക്കുള്ള രണ്ടാം സെമസ്റ്റർ പരീക്ഷ ഫെബ്രുവരി 23 ഞായറാഴ്ചയാണ്.

**സ്കൊളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകർക്കായുള്ള സ്കൊളാസ്റ്റിക് ടെസ്റ്റ് 2014 മാർച്ച് 2-ാം തിയ്യതി ഞായറാഴ്ച 10 am മുതൽ 12.30 pm വരെ അതാതു യൂണിറ്റുകളിൽ വച്ച് നടക്കുന്നതാണ്. എല്ലാ മതാദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

**പഠനഭാഗം**

മതബോധനകേന്ദ്രത്തിൽനിന്നും പ്രസിദ്ധീകരിച്ച

| | |
|---|---|
| വത്തിക്കാൻ ക്വിസ് (4 കോൺസ്റ്റിറ്റ്യൂഷൻസ്) | 75 മാർക്ക് |
| മാതാപിതാക്കളും വിശ്വാസപരിശീലനവും | 15 മാർക്ക് |
| സഭാസംബന്ധമായ പൊതുവിജ്ഞാനം | 10 മാർക്ക് |
| ആകെ | - 100 മാർക്ക് |

ഈപ്രാവശ്യം സെമിനാർ ബുക്ക്ലെറ്റ് ഉണ്ടായിരിക്കുന്നതല്ല.

**റെഗുലർ സ്കൂൾ വാർഷിക പരീക്ഷ**

X, XI, XII ക്ലാസ്സുകാരുടെ വാർഷിക പരീക്ഷ 2014 ജനുവരി 10-ാം തിയതി വെള്ളിയാഴ്ചയും I മുതൽ IX ക്ലാസ്സുകാരുടെ വാർഷിക പരീക്ഷ 2014 ഫെബ്രുവരി 7-ാം തിയതി വെള്ളിയാഴ്ചയും നടത്തപ്പെടുന്നതാണ്.

**സൺഡേസ്ക്കൂൾ കേന്ദ്രീകൃത മൂല്യനിർണ്ണയം**

X, XII ക്ലാസ്സുകളിലെ ഉത്തരക്കടലാസുകളുടെ കേന്ദ്രീകൃതമൂല്യനിർണ്ണയം ഫെബ്രുവരി 9-ാം തിയ്യതി ഞായറാഴ്ച രാവിലെ 9.30 മുതൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്. 10-ാം ക്ലാസ്സിലും 12-ാം ക്ലാസ്സിലും പഠിപ്പിക്കുന്ന എല്ലാ മതാദ്ധ്യാപകരും മൂല്യനിർണ്ണയക്യാമ്പിൽ സന്നിഹിതരാകേണ്ടതാണ്. പ്രധാനാദ്ധ്യാപകർ അവരെ പറഞ്ഞയക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മൂല്യനിർണ്ണയത്തിന് വരുന്നവർക്കുവേണ്ടി വിശുദ്ധകുർബ്ബാന പാസ്റ്ററൽ സെന്റിൽ വച്ച് ഉണ്ടായിരുക്കുന്നതാണ്.

**ഇന്റർനെറ്റ് കാറ്റികിസം**

ഈ മാധ്യമയുഗത്തിൽ വഴിയും സത്യവും ജീവനും ആയ യേശുവിനെ പ്രഘോഷിക്കുന്നതിനായി രൂപതാവിശ്വാസപരിശീലനവേദി ഇന്റർനെറ്റ് കാറ്റികിസം എന്നപേരിൽ ഒരു കർമ്മപദ്ധതി ആരംഭിച്ചിരിക്കുന്നു. ഇതിനായി താല്പ്പര്യമുള്ളവർ ഫേസ്ബുക്കിൽ catechismpalghat എന്ന അക്കൗണ്ട് സന്ദർശിക്കുക.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി





## സ്റ്റാർസ്

blogspot: starspalghat.blogspot.in

2014-15 ലേക്കുള്ള സ്റ്റാർസിന്റെ ആദ്യദിന സെലക്ഷൻ ക്യാമ്പ് ഡിസംബർ 27 ന് നടന്നു. പ്രസ്തുത ക്യാമ്പിലേക്ക് സ്റ്റാർസിന്റെ ഓഫീസിൽ നിന്നും നൽകിയ നിർദ്ദേശമനുസരിച്ച് കുട്ടികളെ പറഞ്ഞയച്ച ബഹു. വികാരിയച്ചൻമ്മാർക്കും വേദപാഠ പ്രധാനദ്ധ്യാപകർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. രണ്ടാം ദിന സെലക്ഷൻ ക്യാമ്പ് നടക്കുന്നത് ജനുവരി 25-ാം തിയ്യതിയാണ്.
കൂടുതൽ വിവരങ്ങൾക്കും ഫോട്ടോസിനുമായി
www.starspalghat.blogspot.in സന്ദർശിക്കുക.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, സ്റ്റാർസ്

## ബൈബിൾ അപ്പോസ്തലേറ്റ്

blogspot: bibleapostolatepalghat.blogspot.in

**ലോഗോസ് ക്വിസ് സമ്മാനങ്ങളുടെ വിശദവിവരങ്ങൾ**
**A, B, C, D, E ,F വിഭാഗങ്ങളിൽ**

| | |
|---|---|
| ഒന്നാം സമ്മാനം | Rs 1000/+ KCBC സർട്ടിഫിക്കററ് |
| രണ്ടാം സമ്മാനം | Rs 750/+ KCBC സർട്ടിഫിക്കററ് |
| മൂന്നാം സമ്മാനം | Rs 500/+ KCBC സർട്ടിഫിക്കററ് |
| നാലാം സമ്മാനം | Rs 250/+ KCBC സർട്ടിഫിക്കററ് |
| അഞ്ചാം സമ്മാനം | KCBC നൽകുന്ന പുസ്തകം + സർട്ടിഫിക്കറ്റ് |

സൺഡേ സ്കൂൾ തലം 5 മുതൽ IIHDC വരെയുള്ള ഓരോ ക്ലാസിലേയും 1, 2, 3 സ്ഥാനക്കാർക്ക് രൂപതാ മതബോധനകേന്ദ്രം നൽകുന്ന സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും കൂടുതൽ അംഗങ്ങളെ രജിസ്റ്റർചെയ്ത ഇടവകകൾക്കും, ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും, 100% കുട്ടികളും പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾക്കുമുള്ള ട്രോഫികളും, ഇടവകകൾക്ക് 25 പേരുടെ രജിസ്ട്രേഷന് ഒന്ന് എന്ന അനുപാതത്തിൽ പി ഒ സി തരുന്ന സമ്മാനങ്ങളും രൂപതാതല

അവാർഡ്ദാനദിനമായ **2014 ജനുവരി 11-ാം തിയതി 10 മണിക്ക് പാസ്റ്ററൽ സെന്ററിൽ** വെച്ച് നടക്കുന്ന മീറ്റിംഗിൽ അഭിവന്ദ്യപിതാവ് നൽകുന്നതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്.



## തിരുബാലസഖ്യം

blogspot: www.holychildhoodpalghat.blogspot.in

**രൂപതാകലോത്സവം**

രൂപതാ കലോത്സവ നിബന്ധനകൾ മുൻമാസബുള്ളറ്റിനുകളിൽ വന്നത് കണ്ട് കാണുമല്ലോ! ചില പൊതു നിർദ്ദേശങ്ങൾകൂടി നല്കുന്നു.

രൂപതാമത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ രൂപതയിൽ പേര് രജിസ്റ്റർ ചെയ്തവരായിരിക്കണം.

എല്ലാവർക്കും ബാഡ്ജ് ഉണ്ടായിരിക്കണം.

ഫൊറോനകളിൽ നിന്നുള്ള ലിസ്റ്റ് ഉടൻതന്നെ ഏല്പിക്കുക.

ലിസ്റ്റിലില്ലാത്തവർ മത്സരിക്കാൻ വന്നാൽ മത്സരിപ്പിക്കുന്നതല്ല.

കഴിഞ്ഞ കലോലത്സവത്തിൽ എവർറോളിംഗ് ട്രോഫികൾ കൊണ്ടുപോയവർ അത് തിരികെ എത്തിക്കുക.

**കലോത്സവദിനം**

2014 ജനുവരി 4-ാം തിയതി ശനിയാഴ്ചയാണ് രൂപതാമത്സരം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നത്. മത്സരം കൃത്യം 9.30 ന് ആരംഭിക്കുന്നു. രാവിലെ 9 മണിക്ക് ഓഫീസിൽ വന്ന് ടീം മാനേജർ നമ്പർ കൈപ്പറ്റേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

**ഭക്ഷണം**

ഉച്ചയോടുകൂടി അവസാനിക്കുന്ന രീതിയിലാണ് മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഭക്ഷണം ഇവിടെ നിന്ന് ആവശ്യമുള്ളവർ 9544334162 (Fr. Jomy, Director) എന്ന നമ്പറിൽ വിളിച്ച് പറയുക. ബുക്ക് ചെയ്യുന്നവർ രാവിലെ വന്ന് പണമടച്ച് ടോക്കൺ വാങ്ങുക. ടോക്കൺ ഉള്ളവർക്കേ ഭക്ഷണം ലഭിക്കുകയുള്ളൂ.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം





## അൾത്താരസംഘം

blogspot: abapalghat.blogspot.in

**അൾത്താര സംഘം ക്വിസ് മത്സരം**

രൂപതാതല ക്വിസ് മത്സരം ജനുവരി 14 ന് പാസ്റ്ററൽ സെന്ററിൽ വെച്ച് 9.30am മുതൽ 1.00pm വരെയായിരിക്കും. ഫൊറോനാതലത്തിൽ തിരഞ്ഞെടുക്കപ്പെട്ടവർ പ്രസ്തുത ക്വിസ് മത്സരത്തിന് എത്തിച്ചേരുമല്ലോ.

**പഠനഭാഗം**

മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ

| | | |
|---|---|---|
| മെഗാക്വിസ് പഠനസഹായി (**ഡിക്രികൾ മാത്രം**)- | | 60% മാർക്ക് |
| കുർബാനപുസ്തകം | - | 15% മാർക്ക് |
| ലോഗോസ് പഠനഭാഗം | - | 20% മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 5% മാർക്ക് |

**ABA വാർഷിക റിപ്പോർട്ട്**

ഓരോ ഇടവകയിലേയും അൾത്താര ബാലന്മാരുടെ പ്രവർത്തനത്തെ വിലയിരുത്തി എ.ബി.എ. വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. ഇതിൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ലീഡേഴ്സ്, സെക്രട്ടറി, അംഗങ്ങൾ, ആനിമേറ്റർ തുടങ്ങിയകാര്യങ്ങൾ ഉൾച്ചേർക്കേണ്ടതുണ്ട്. കൂടാതെ മതബോധന വിഷയത്തെ ആസ്പദമാക്കിയുള്ള പ്രവർത്തനങ്ങൾ എങ്ങനെ നടപ്പിലാക്കി എന്ന കാര്യവും എ.ബി.എ. തിരുനാൾ ആഘോഷത്തെക്കുറിച്ചും എക്സ്പോഷർ പ്രോഗ്രാമിനെക്കുറിച്ചും പ്രതിപാദിക്കേണ്ടതാണ്. **ജനുവരി 10-ന് മുൻപ് വാർഷിക റിപ്പോർട്ട് പാസ്റ്ററൽ സെന്ററിൽ ഏൽപ്പിക്കേണ്ടതാണ്.** ഇക്കാര്യങ്ങൾ ക്രമീകരിക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, അൾത്താരസംഘം

## കെ. സി. വൈ. എം

**രൂപത വാർഷിക സെനറ്റ് (ജനുവരി-10,11)**

കെ.സി.വൈ.എം. പാലക്കാട് രൂപത തങ്ങളുടെ 2013 വർഷത്തെ പ്രവർത്തനങ്ങൾക്ക് വിരാമം കുറിക്കുന്നു. 2013 പ്രവർത്തനവർഷത്തെ പരിപാടികൾ വിലയിരുത്തുന്നതിനും 2014 വർഷത്തേക്ക് പുതിയ ഭാരവാഹികളെ തെര

ഞ്ഞെടുക്കുവാനുമായി രൂപതാ വാർഷിക സെനറ്റ് 2014 ജനുവരി 10,11 തിയ്യതികളിലായി പാസ്റ്ററൽ സെന്ററിൽ വെച്ച് ചേരുന്നു. പ്രസ്തുത സെനറ്റിൽ എല്ലാ യൂണിറ്റ് ഫൊറോന ഭാരവാഹികളും ആനിമേറ്റർമാരും ഡയറക്ടർമാരും പങ്കെടുക്കണമെന്ന് ഏറെ സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു. സെനറ്റ് ജനുവരി 10 ന് വൈകുന്നേരം 5 മണിക്ക് ആരംഭിക്കും. ഭാരവാഹികൾ യൂണിറ്റ് ഡയറക്ടറുടെ സാക്ഷ്യപത്രത്തോടെ വേണം സെനറ്റിൽ പങ്കെടുക്കുവാൻ. ആദ്യാവസാനം പങ്കെടുക്കുന്നവർക്ക് മാത്രമെ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും വോട്ടുകൾ രേഖപ്പെടുത്തുന്നതിനും സാധിക്കുകയുള്ളൂ.

രജിസ്ട്രേഷൻ ഫീസ് യൂണിറ്റിന് 300 രൂപ ആയിരിക്കും.

**YEAST (Youth Empowerment and Spiritual Training)**

രൂപതയിലെ കെ.സി.വൈ.എം യുവജനങ്ങൾക്കായി നടത്തിയ ഡിപ്ലോമ കോഴ്സ് YEAST (Youth Empowerment and Spiritual Training) പൂർത്തിയായി. YEAST ഡിസംബർ 26, 27 തിയ്യതികളിലായി മുണ്ടൂർ യുവക്ഷേത്രയിൽ വെച്ച് നടന്നു. ഡിസംബർ 26ന് വൈകുന്നേരം രണ്ടാമത്തെ പരീക്ഷ നടത്തി ഡിസംബർ 27 ന് Yeast അംഗങ്ങളും രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും നെല്ലിയാമ്പതിയിലേക്ക് യാത്ര പോയി. വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകൾ ജനുവരി 10 ന് സെനറ്റിൽ വെച്ച് വിതരണം ചെയ്യുന്നതായിരിക്കും

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ

# ജീസസ് യൂത്ത്

**കുഞ്ഞുങ്ങളോടൊപ്പം**

ഡിസംബർ മാസം 1-ാം തിയ്യതി ഞായറാഴ്ച പാസ്റ്ററൽ സെന്ററിൽ കൂടുന്ന പ്രയർഗ്രൂപ്പിലെ അംഗങ്ങൾ ചെറുപുഷ്പാലയം സന്ദർശിച്ചു.

Retreat

ഡിസംബർ മാസം 27, 28 തിയ്യതികളിൽ പാലക്കയം കാർമ്മൽ H.S.S ലെ സിസ്റ്റേഴ്സിന്റെ അഭ്യർത്ഥനപ്രകാരം ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി 2 ദിവസത്തെ ധ്യാനം നടത്തി. ബ്ര. ലോറൻസ് ജോജോ, നന്ദു ജോൺ, ഫുൾടൈമർ വർഗ്ഗീസ് എന്നിവർ ധ്യാനത്തിനു നേതൃത്വം നൽകി.

**സ്ഥാപനങ്ങളിലും സ്കൂളുകളിലും ജീസസ് യൂത്ത് ശുശ്രൂഷകൾ നടത്താൻ താല്പ്പര്യമുള്ളവർ ഫുൾടൈമർ വർഗ്ഗീസുമായി ബന്ധപ്പെടുക (മൊബൈൽ :8606275616).**

**ഫാ. ജെയ്മോൻ പള്ളിനീരാക്കൽ**
ഡയറ്കടർ





# സി. എൽ. സി

സ്നേഹ ബഹു. അച്ചാ, സിസ്റ്റർ, പ്രിയ സി.എൽ.സി. അംഗങ്ങളെ,

2013-ാം വർഷം കടന്നുപോകുമ്പോൾ നമ്മളിലെ പഴയ മനുഷ്യനെ ഉരിഞ്ഞു മാറ്റി ക്രിസ്തുവിനെ ധരിക്കുവാനും, മറ്റൊരു ക്രിസ്തുവായി ജീവിക്കുവാനും നമുക്കു സാധിക്കണം. നമ്മുടെ മനസ്സുകളിൽ ജനിച്ച ഉണ്ണീശോയുടെ ചൈതന്യം ഉൾക്കൊണ്ട് വിശുദ്ധിയിലും വിവേകത്തിലും വിജ്ഞാനത്തിലും വളരുവാൻ ഈ പുതുവർഷം നിങ്ങളെ സഹായിക്കട്ടെ. ജീവിതത്തിലെ ഓരോ നിമിഷവും ദൈവഹിതം അന്വേഷിച്ച് അവയെ അനുവർത്തിച്ച് ദൈവത്തിന്റെ ഉപരിമഹത്വത്തിനുവേണ്ടി നിലകൊള്ളുന്നവരായി മാറാൻ സി.എൽ.സി മാരായ നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ. പ്രാർത്ഥനയോടെ ഏവർക്കും "പുതുവത്സരാശംസകൾ" നേരുന്നു.

സി.എൽ.സി.യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മാർ ഇരുമ്പൻ മെമ്മോറിയൽ പ്രസംഗമത്സര വിജയികൾക്കുള്ള സമ്മാനദാനം ജനുവരി 11- രണ്ടാം ശനിയാഴ്ച നടത്തപ്പെടുന്നതാണ്. കഴിയും വിധം അന്നേ ദിവസം തന്നെ എല്ലാ മത്സരാർത്ഥികളും പാലക്കാട് പാസ്റ്ററൽ സെന്ററിൽ രാവിലെ 9.30 ന് തന്നെ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു. സമ്മാനദാനം വൈകിയതിൽ ഖേദിക്കുന്നു.

NB: മുൻവർഷത്തെ വിജയികൾ എവർറോളിങ് ട്രോഫി ജനുവരി 10 വെള്ളിയാഴ്ചയ്ക്കുമുമ്പായി രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

സമ്മാനദാനവുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടണമെന്ന് ഓർമപ്പെടുത്തുന്നു.

| | | |
|---|---|---|
| Dennies C.K | : | 8281012918, സമയം വൈകീട്ട് 7 നുശേഷം |
| പ്രാർത്ഥന | : | പുതുവർഷത്തിൽ ഒരു നവസൃഷ്ടിയായി മാറാൻ പ്രാർത്ഥിക്കുക |
| പഠനം | : | വി.അൽഫോൻസാമ്മ |
| പ്രവർത്തനം | : | ഇഗ്നേഷ്യൻ ധ്യാനാനുഭവത്തിൽ വളരുക. |

**ഫാ. മാർട്ടിൻ കളമ്പാടൻ**
സി.എൽ.സി ഡയറക്ടർ

# മാതൃസംഘം

**രൂപതാതല വാർഷിക ജനറൽബോഡി**

2014 ജനുവരി 14 -ാം തിയ്യതി ചൊവ്വാഴ്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽവെച്ച് രാവിലെ 10 മുതൽ 3.30 വരെ ജനറൽബോഡി മീറ്റിംഗ് കൂടുന്നു. വാർഷിക റിപ്പോർട്ട് കൊണ്ടുവരണം. രജിസ്ട്രേഷൻ ഫീസ് ഒരംഗത്തിന് 50 രൂപ. അഫിലിയേഷൻ ഫോമും തുകയും രൂപതയിൽ ഏൽപ്പിക്കുക. പങ്കെടുക്കേണ്ടവർ: യൂണിറ്റ് ഭാരവാഹികൾ, ആനിമേറ്റേഴ്സ് (6 പേർ).

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ

# ഫാമിലി അപ്പോസ്തലേറ്റ്

**നവംബർ. ഡിസംബർ മാസങ്ങളിൽ "ഹോംമിഷൻ" നടന്ന ഇടവകകൾ**

വടക്കഞ്ചേരി, തച്ചനടി, പാടൂർ, ധോണി, കരിമ്പ, കാഞ്ഞിരപ്പുഴ, കേരളശ്ശേരി, അരപ്പാറ, അലനല്ലൂർ, കല്ല, തിരുവിഴാംകുന്ന്, ഓടംതോട്, കരിങ്കയം, അകമലവാരം, ഷൊർണ്ണൂർ, നിരവ്.

**ജനുവരിയിലെ ഹോംമിഷൻ**

| | |
|---|---|
| ജനുവരി 2-9 | - ചുള്ളിയാംകുളം |
| ജനുവരി 12-24 | - രാജഗിരി |
| ജനുവരി 27 - ഫെബ്രു. 2 | - കൊല്ലങ്കോട്, പരുത്തിക്കാട് |
| ജനുവരി 1-11 | - കാരറ |
| ജനുവരി 15- ഫെബ്രു. 2 | - കത്തീഡ്രൽ |
| ജനുവരി 2-9 | - ചിറ്റൂർ (പാലക്കാട്) |
| ജനുവരി 12-18 | - കൂനത്തറ |
| ജനവരി 19-25 | - പട്ടാമ്പി |
| ജനുവരി 28 - ഫെബ്രു. 5 | - നീതിപുരം |





**അഭിവന്ദ്യപിതാവിനോടൊത്ത്**

ഡിസംബർ 23നു ഹോംമിഷൻ സിസ്റ്റേഴ്സ് അരമനയിൽ ഒരുമിച്ചുകൂടി അഭിവന്ദ്യപിതാവിന് ക്രിസ്മസ്സ് ആശംസകൾ നല്കുകയും തുടർന്ന് ഹോംമിഷനെ പറ്റി വിലയിരുത്തുകയും ചെയ്തു.

**പ്രീകാന കോഴ്സ്**

**ജനുവരി** മാസത്തിലെ പ്രീകാനകോഴ്സ് **6,7,8,9** തിയ്യതികളിലും **ഫെബ്രുവരി** മാസത്തിലെ പ്രീകാനകോഴ്സ് **3,4,5,6** തിയ്യതികളിലുമായി മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. മാർച്ച് മാസത്തിൽ പ്രീകാന ഉണ്ടായിരിക്കുന്നതല്ല. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ



# കുടുംബകൂട്ടായ്മ

ഡിസംബർ 21നു രൂപതാ കുടുംബകൂട്ടായ്മ എക്സിക്യൂട്ടീവ് അംഗങ്ങൾ അഭിവന്ദ്യപിതാവിനെ സന്ദർശിച്ച് ക്രിസ്തുമസ്സ് ആശംസകൾ നേരുന്നു. കുടുംബകൂട്ടായ്മകൾ കൂടുതൽ സജീവമാക്കാൻ ആഭിവന്ദ്യപിതാവ് രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളെ ഓർമ്മപ്പെടുത്തി. രൂപതാ അസംബ്ലിയോടനുബന്ധിച്ച് കൂട്ടയ്മകൾ കൂടുതൽ ശക്തമാക്കാൻ തീരുമാനിച്ചു.

**ഫാ.ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ

# A.K.C.C

സമുദായത്തിന്റെ അല്മായ ശക്തിയാണ് A.K.C.C. സീറോമലബാർ സഭയിൽ ഈ സംഘടന ശക്തിപ്രാപിക്കുന്നുവെന്നത് നമുക്കെല്ലാവർക്കും അഭിമാനർഹമാണ്. എല്ലാ രൂപതയിലും A.K.C.C ശക്തമായി പ്രവർത്തിക്കാൻ വേണ്ടി സഭയുടെ തലവനായ മേജർ ആർച്ച് ബിഷപ്പുതന്നെ രൂപതകൾ സന്ദർശിക്കുന്നു. നമ്മുടെ രൂപതയിൽ മെയ് 31നാണ് ഇപ്രകാരമുള്ള ഒരു സമ്മേളനമുള്ളത്. അതിനുമുമ്പായി ഇടവകതലങ്ങളിൽ A.K.C.C സജീവമാക്കാൻ തീരുമാനിച്ചിരിക്കുന്നു. നമ്മുടെ ഇടവകകളിലെ കുടുംബസമ്മേളന യൂണിറ്റു

ഭാരവാഹികളും ഇടവകയിൽ നിന്നും ബഹു. വികരിമാർ നാമനിർദ്ദേശം ചെയ്യുന്ന വ്യക്തികളും അടങ്ങുന്നതാണ് A.K.C.C യുടെ യൂണിറ്റ്. ജനുവരി മുതൽ ഈയൊരു പ്രവർത്തനത്തിലേക്ക് നാം പ്രവേശിക്കുകയാണ്. A.K.C.C യുടെ രൂപതാ ഭാരവാഹികൾ ബഹു. വികാരിമാരെ സമീപിക്കുമ്പോൾ കുടുംബസമ്മേളന ഭാരവാഹികളുടെ ലിസ്റ്റും സാമൂഹിക - രാഷ്ട്രീയ പ്രതിബദ്ധതയുള്ള വ്യക്തികളുടെ പേരുകളും കൊടുത്തു സഹായിക്കുമല്ലോ. തുടർന്ന് ഇവരെ മേഖലതലങ്ങളിൽ വിളിച്ചുക്കൂട്ടുന്നതായിരിക്കും.

**ഫാ.ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ



## ജീസസ് ഫ്രട്ടേണിറ്റി

**ക്രിസ്തുമസ് ആഘോഷം**

**ആലത്തൂർ സബ് ജയിലിൽ** ക്രിസ്തുമസ് ആഘോഷം സാഘോഷം കൊണ്ടാടി. അസിസ്റ്റന്റ് ജയിൽ സൂപ്രണ്ട് ഏവരേയും സ്വാഗതം ചെയ്തു. വടക്കുഞ്ചേരി ചെറുപുഷ്പം, മേലാർകോട് ഹോളിഫാമിലി എന്നീ കോൺവെന്റുകളിൽ നിന്നും സിസ്റ്റേഴ്സും സന്നഹിതരായിരുന്നു. വള്ളിയോട് ഐ.ടി.സി. ഡയറക്ടർ റവ. ഫാ. ബെറ്റ്സൺ തൂക്കുപറമ്പിൽ ക്രിസ്തുമസ് സന്ദേശം നൽകി. ഐ.ടി.സി. വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ തടവറ മക്കൾക്ക് സന്തോഷം നൽകുന്നതായിരുന്നു. മധുരപലഹാരങ്ങൾ നൽകി ക്രിസ്തുമസിന്റെ സന്തോഷം തടവറമക്കൾക്ക് പങ്കുവെച്ചു. ചെറുപുഷ്പം ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ സി. വത്സ തെരേസ് നന്ദി രേഖപ്പെടുത്തി.

**ചിറ്റൂർ സബ് ജയിലിൽ** ക്രിസ്തുമസിന്റെ സ്നേഹവും സമാധാനവും പങ്കുവെച്ചുകൊണ്ട് ചിറ്റൂർ ഇടവക വികാരി റവ. ഫാ. ജോൺ പുത്തൂക്കരയുടെ നേതൃത്വത്തിൽ ചിറ്റൂർ ജയിലിൽ ക്രിസ്മസ് ആഘോഷം നടത്തി. എഫ്. സി.സി., സെന്റ് ഫ്രാൻസിസ്കൻ, സ്നേഹഗിരി, ഹോളിഫാമിലി എന്നീ സന്യാസിനീ സമൂഹങ്ങളിൽ നിന്നുമുള്ള സിസ്റ്റേഴ്സിന്റെ സാന്നിധ്യം ശ്രദ്ധേയമായിരുന്നു. വിവിധ ഇടവകകളിൽ നിന്നും ചിറ്റൂർ വിജയമാത സ്കൂളിൽ നിന്നുമുള്ള കുട്ടികളുടെ വിവിധ കലാപരിപാടികളും ആഘോഷത്തിന് മാറ്റു കൂട്ടി. റവ. ജോൺ പുത്തൂക്കരയച്ചൻ ക്രിസ്തുമസ് സന്ദേശം നൽകുകയും തടവറ മക്കൾക്ക് കേക്ക് നൽകി സന്തോഷവും സ്നേഹവും പകരുകയും ചെയ്തു.

**പാലക്കാട് സബ് ജയിൽ :** അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ സന്മനസുള്ളവർക്ക് സമാധാനം. ഇയൊരു ക്രിസ്തുമസ് ആശംസക





ളുമായി പാലക്കാട് തടവറയിൽ വസിക്കുന്ന സഹോദരങ്ങളുടെ പക്കൽ പോകുന്ന ജീസസ്സ് ഫ്രട്ടേണിറ്റി എന്ന കൂട്ടായ്മ ഫാ. മാർട്ടിൻ തട്ടിലിന്റെ നേതൃത്വത്തിൽ , ഹോളി ട്രിനിറ്റി ഇടവകയിലെ മുതിർന്നവരുടെയും കുട്ടികളുടെയും വിവിധ കലാപരിപാടികളോടെ ക്രിസ്മസ് ആഘോഷം കൊണ്ടാടി. ഒപ്പം തന്നെ വിവിധ സന്യാസഭവനങ്ങളിൽ നിന്നുമുള്ള സിസ്റ്റേഴ്സിന്റെയും സാന്നിധ്യവും ഉണ്ടായിരുന്നു. തുടർന്ന് സി. ലിന്റ സി.എച്ച്. എഫ് ക്രിസ്മസ് സന്ദേശം നൽകുകയും പാലക്കാട് സോൺ ഡയറക്ടർ ഫാ. മാർട്ടിൻ തട്ടിൽ ക്രിസ്മസ് അതിർത്തികളില്ലാത്ത ആഘോഷമാണെന്നും ക്രിസ്മസ് ക്രിസ്ത്യാനികൾക്കുവേണ്ടി മാത്രം നീക്കിവയ്ക്കാനുള്ള ആഘോഷമല്ല. മറിച്ച് ലോകം മുഴുവന്റെയും ആഘോഷമാണ് എന്നു പറഞ്ഞുകൊണ്ട് ജാതി മത ഭേദമന്യേ തടവറമക്കൾക്ക് നാം എല്ലാവരും സഹോദരങ്ങളാണ് എന്നും വന്നു പോയ പോരായ്മകൾ തിരുത്തികൊണ്ട് പുതിയ ഒരു ജീവിതത്തിലേയ്ക്ക് നവോന്മേഷത്തോടെ ഇറങ്ങിത്തിരിക്കണമെന്നും അച്ചൻ ഓർമ്മിപ്പിച്ചു. ഒപ്പം തന്നെ അച്ചന്റെ നേതൃത്വത്തിൽ കരോൾ ഗാനം ആലപിക്കുകയും ഏവർക്കും മധുരപലഹാരങ്ങൾ നൽകുകയും ക്രിസ്മസ് പുതുവത്സരാശംസകൾ നേരുകയും ചെയ്തു.

**ഒറ്റപ്പാലം ജയിൽ:** തടവറമക്കൾക്ക് വിവിധ കലാപരിപാടികളും ക്രിസ്തുമസ് സന്ദേശവുമായി കരിമ്പ ഇടവകയിൽ നിന്നും വികാരിയച്ചനോടൊപ്പം യുവജനങ്ങൾ ഒറ്റപ്പാലം ജയിൽ സന്ദർശിച്ചു. തടവറ മക്കളുടെ ഭാഗത്തുനിന്നും പാട്ടുകൾ പാടിയത് കലാവിരുന്നിന് മാറ്റു കൂട്ടി. ശാന്തിയുടെയും സമാധാനത്തിന്റെയും വക്താക്കളാകണമെന്നും, നമ്മിലെ നന്മകളെ ഉയർത്തിപിടിച്ച് സമൂഹത്തിൽ നന്മചെയ്യാൻ തീക്ഷ്ണതയോടെ ഇറങ്ങിത്തിരിക്കണമെന്നും അച്ചൻ പറയുകയുണ്ടായി. തടവറമക്കൾക്ക് മധുര പലഹാരങ്ങൾ നൽകി ക്രിസ്തുമസ് ആഘോഷമാക്കി മാറ്റി.

**ഫാ. മാർട്ടിൻ തട്ടിൽ**
ഡയറക്ടർ



## സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| ജനുവരി | 05-10 | വൈദികരുടെ ധ്യാനം |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |

| | | |
|---|---|---|
| ജനുവരി | 12-17 | ആന്തരികസൗഖ്യ വളർച്ചാധ്യാനം<br>ഫാ. സാജു ഇലഞ്ഞിയിൽ |
| ജനുവരി | 19-24 | ആന്തരികസൗഖ്യ വളർച്ചാധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ജനുവരി | 26-31 | ആന്തരികസൗഖ്യ വളർച്ചാധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 - 327710

**സെഹിയോൻ കൺവെൻഷൻ**

ജനുവരി 19 പാലക്കാട് അഭിഷേകാഗ്നി ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ റേഡിയോ**

24 മണിക്കൂറും ദൈവവചനവും സഭാത്മക ശുശ്രൂഷയും ഈ റേഡിയോയിലൂടെ ലഭ്യമാണ്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണുകളിലും ഈ റേഡിയോ ലഭ്യമാണ്. address: www sehionradio.org

**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്തു. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**

ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്





# പി. എസ്. എസ്. പി.

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

2014 ജനുവരിമാസത്തെ ജില്ലാ വിമൻസ്ഫെഡ് മീറ്റിംഗ് 6.1.2014 ന് തിങ്കളാഴ്ച കാലത്ത് 10.30 ന് പി.എസ്.എസ്. പിയിൽ വച്ചു നടത്തുന്നു.

**റീജിയണൽ ഓഫീസ് ദിവസം**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 15.11.14 | ബുധൻ | നെന്മാറ പാരിഷ്ഹാൾ | 10.30 to 1pm |
| 16.1.14 | വ്യാഴം | കരിമ്പ പാരിഷ്ഹാൾ | 10.30 to 2pm |
| 20.1.14 | തിങ്കൾ | ഗൂളിക്കടവ് റീജിയണൽ ഓഫീസ് | 10.30 to 2pm |
| 21.1.14 | ചൊവ്വ | സാൻജോ ടവ്വർ, പാലക്കാട് | 11.00 to 2pm |
| 22.1.14 | ബുധൻ | എഫ്.സി.സി.വടക്കഞ്ചേരി | 11.00 to 2pm |
| 27.1.14 | തിങ്കൾ | പൊരിയാനി, മുണ്ടൂർ | 10.00 to 1pm |

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**നബാർഡ് വനിതാ സ്വയം സഹായ സംഘങ്ങൾ (Nabard WSHG)**

നിലവിൽ കുടുംബശ്രീയിൽ അംഗങ്ങൾ അല്ലാത്ത വനിതകൾക്കുവേണ്ടി നബാർഡ് പി.എസ്.എസ്.പി. വഴി നടപ്പിലാക്കുന്ന Nabard WSHG (നബാർഡ് വനിത സ്വയം സഹായ സംഘങ്ങൾ) രൂപീകരിക്കുവാൻ താല്പര്യമുള്ളവർ പി.എസ്.എസ്.പി ഓഫീസുമായി ബന്ധപ്പെടുക. ഗ്രൂപ്പുകൾ രൂപീകരിച്ച് ഗ്രൂപ്പിന്റെ പേരിൽ ബാങ്കിൽ നിന്നും വായ്പയെടുത്ത് വരുമാന പദ്ധതികൾ ആരംഭിക്കുക എന്നതാണ് ലക്ഷ്യം(അട്ടപ്പാടി,മണ്ണാർക്കാട്,പാലക്കാട്, കുഴൽമന്ദം ആലത്തൂർ ബ്ലോക്കുകളും, പാലക്കാട് മുനിസിപ്പാലിറ്റി എന്നീ പ്രദേശങ്ങളിൽ)

**മതന്യൂനപക്ഷവായ്പകൾ**

പിന്നോക്കവിഭാഗ വികസന കോർപ്പറേഷന്റെ പാലക്കാട് ശാഖയിൽ നിന്നും മതന്യൂനപക്ഷങ്ങൾക്ക് (ക്രിസ്ത്യൻ, മുസ്ലിം,ഒ.ബി.സി) ഈടിന്മേൽ കുറഞ്ഞ പലിശ നിരക്കിൽ, വിദ്യാഭ്യാസം, ചെറുകിട തൊഴിൽ സംരംഭങ്ങൾ വീടു റിപ്പയർ എന്നിവയ്ക്ക് 'വായ്പ നൽകുന്നു.' മേട്ടുപാളയം നൈനാൻ കോംപ്ല ക്സിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനത്തിന്റെ ഓഫീസുമായി ബന്ധ പ്പെടുക.

**മതന്യൂനപക്ഷ ഗ്രൂപ്പുകൾ (Minority groups)**

നിലവിലുള്ള പുതിയതായി ആരംഭിക്കുന്നതുമായ മതന്യൂനക്ഷ ഗ്രൂപ്പുകൾക്ക് (ക്രിസ്ത്യൻ,മുസ്ലീം, ഒ.ബി.സി ) പിന്നോക്ക വിഭാഗ വികസന കോർപറേഷ നിൽ നിന്നും സ്വയം തൊഴിൽ ആരംഭിക്കുന്നതിനും വീടു റിപ്പയറിനും പി. എസ്.എസ്.പി നേരിട്ട് വായ്പയെടുത്ത് നൽകുന്നു. ഗ്രൂപ്പുകൾ പി.എസ്.എ സ്.പി. യിൽ അഫിലിയേറ്റു ചെയ്യുക. പുതിയ ഗ്രൂപ്പുകൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർ പി.എസ്.എസ്.പി ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ജേക്കബ് മാവുങ്കൽ**

എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.








# From the Bishop's Diary

**2013 ഡിസംബർ**

1 - മൈലംപുള്ളി സെന്റ് മേരീസ് ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു. പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു.

- രാമനാഥപുരം ഹോളിട്രിനിറ്റി കത്തീഡ്രൽ ദൈവാലയത്തിൽ ഇട വക ദിനാഘോഷത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

2 - 4 പൂന പേപ്പൽ സെമിനാരിയും ശാന്തി ആശ്രമവും സന്ദർശിച്ചു.

5 - സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

6 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

7 - സീനായ് ധ്യാനകേന്ദ്രത്തിൽ ബൈബിൾ കൺവൻഷനിൽ സംബ ന്ധിച്ചവർക്ക് സന്ദേശം നൽകി.

8 - ഓടന്തോട് സെന്റ് ജൂഡ് ദൈവാലയത്തിൽ വി. കുർബാന അർപ്പി ച്ചു. രോഗീസന്ദർശനം നടത്തി.

- കരിങ്കയം സെന്റ് മേരീസ് ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു.

- നിര്യാതനായ ബഹു. സെബാസ്റ്റ്യൻ ഇരിമ്പനച്ചന്റെ മൃതദേഹ ത്തിൽ ഒപ്പീസ് പാടി.

9 - ബഹു. സെബാസ്റ്റ്യൻ ഇരുമ്പനച്ചനുവേണ്ടി സാൻജോ പ്രീസ്റ്റ് ഹോമിൽ വി. കുർബാന അർപ്പിച്ചു.

- നവീകരിച്ച പാലക്കാട് നിത്യാരാധന കപ്പേള വെഞ്ചരിച്ച് വി. കുർബാനയർപ്പിച്ചു.

10 - പഴുവിൽ സെന്റ് ആന്റണീസ് ഫൊറോന ദൈവാലയത്തിൽ ബഹു. സെബാസ്റ്റ്യൻ ഇരുമ്പനച്ചന്റെ മൃതദേഹസംസ്ക്കാരശു ശ്രൂഷയ്ക്ക് അഭിവന്ദ്യരായ മാർ പോൾ ചിറ്റിലപ്പള്ളി, മാർ

തോമസ് ചക്യാത്ത്, മാർ ജോർജ്ജ് മഠത്തികണ്ടത്തിൽ എന്നീ പിതാക്കന്മാരോടൊപ്പം കാർമ്മികത്വം വഹിച്ചു.

11-12 പി.ഒ.സിയിൽ കെ.സി.ബി.സി സമ്മേളനത്തിൽ സംബന്ധിച്ചു.

13 - കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കാറ്റിക്കിസം ഡയറക്ടേഴ്സ് മീറ്റിംഗിൽ ആദ്ധ്യക്ഷം വഹിച്ചു.

14 - പാസ്റ്ററൽ സെന്ററിൽ രൂപതാ പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

15 - പാലക്കാട് ടൗൺഹാളിൽ ടൗൺമിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കൺവൻഷനിൽ സംബന്ധിച്ചവർക്ക് ക്രിസ്തുമസ് സന്ദേശം നൽകി.

16 - എറണാകുളം കോന്തുരുത്തി ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു.

- ഒറ്റപ്പാലം സെന്റ് ജോസഫ് ഫൊറോന പള്ളി സന്ദർശിച്ചു.

17 - ബിഷപ്പ് ഹൗസിൽ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

- വടക്കഞ്ചേരി ദൈവദാൻ അഗതിമന്ദിരം സന്ദർശിച്ച് അന്തേവാസികൾക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്തു.

18 - പാലക്കാട് ചാരിറ്റി സിസ്റ്റേഴ്സിന്റെ പുനർനിർമ്മിച്ച സാൻജോ കോൺവെന്റും കപ്പേളയും വെഞ്ചരിച്ചു.

19 - ക്രിസ്തുമസ് പ്രമാണിച്ച് ഓർഫനേജുകളും വൃദ്ധമന്ദിരങ്ങളും സന്ദർശിച്ച് മധുരപലഹാരങ്ങൾ വിതരണം ചെയ്തു.

20 - മണ്ണാർക്കാട് കോടതിപ്പടിയിൽ കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരെ കർഷക ജാഗ്രത സമിതി സംഘടിപ്പിച്ച മാർച്ചും ധർണ്ണയും ഉദ്ഘാടനം ചെയ്തു.

- ധോണി മരിയൻ റിന്യൂവൽ സെന്ററിൽ ടീമംഗങ്ങളുടെ ക്രിസ്തുമസ് ആഘോഷത്തിൽ സംബന്ധിച്ചു.

- ആയുർപാലന ആയുർവേദ ആശുപത്രിയിലും മുതുകാട് നസ്രത്ത് എച്ച്.ഐ.വി.എയ്ഡ്സ് സെന്ററിലും ക്രിസ്തുമസ് ആഘോഷത്തിൽ സംബന്ധിച്ചു.





21 - പാസ്റ്ററൽ സെന്ററിൽ കാറ്റിക്കിസം കൗൺസിൽ അംഗങ്ങളുടെ ക്രിസ്തുമസ് ആഘോഷത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

- വൈക്കം ഫൊറോനപള്ളിയിൽ എറണാകുളം അതിരൂപതാ സഹായമെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെ അമ്മയുടെ മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ സഹകാർമ്മികത്വം വഹിച്ചു.

22 - കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ രൂപതയിലെ എല്ലാ വൈദികവിദ്യാർത്ഥികളോടൊപ്പം ക്രിസ്തുമസ് ആഘോഷത്തിൽ സംബന്ധിച്ചു.

23 - പാലക്കാട് ജില്ലാ ആശുപത്രിയിൽ കൊട്ടേക്കാട് സ്നേഹജ്വാലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷങ്ങളിൽ സംബന്ധിച്ച് രോഗികൾക്ക് കേക്ക് വിതരണം ചെയ്തു.

- പാലന ആശുപത്രിയിൽ ഗൈനക്കോളജി ഡിപ്പാർട്ടുമെന്റിന്റെ പുതിയ ബ്ലോക്ക് ആശീർവ്വദിച്ചു.

- അരമനയിൽ കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരെയുള്ള പ്രതിഷേധ നടപടികൾ ആസൂത്രണം ചെയ്യുന്നതിനുള്ള കോർകമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

24 - അരമനയിൽ ക്രിസ്തുമസ് മംഗളങ്ങൾ നേരാൻ വന്നവരെ സ്വീകരിച്ചു.

25 - കത്തീഡ്രൽ പിറവികർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

28 - മംഗലം ഡാം സെന്റ് സേവ്യേഴ്സ് ഫൊറോന ദൈവാലയത്തിൽ ഡീക്കൻ ക്രിസ്റ്റോ കാരക്കാടന് വൈദിക പട്ടം നൽകി .

- കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മതബോധന കമ്മീഷൻ സംഘടിപ്പിച്ച പ്രതിഭാ സംഗമത്തിന്റെ സമാപന സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

29 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

30 - ത്രിത്വമല ഹോളിട്രിനിറ്റി ദേവാലയത്തിൽ ഡീക്കൻ ബിജു കുമ്മം കോട്ടിലിന് വൈദികപട്ടം നൽകി.